# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി XIII

**(SUBJECT COMMITTEE XIII)**

## സാമൂഹ്യസേവനം

**(SOCIAL SERVICES)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of
Business in the Kerala Legislative Assembly]

2013 ..........................-ാം തീയതി സമർപ്പിച്ചത്

(Presented on ....................... 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII

## (SUBJECT COMMITTEE XIII)

സാമൂഹ്യസേവനം

(SOCIAL SERVICES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH 2013)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business
in the Kerala Legislative Assembly]

700/2013.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 21 |

## സബ്ജക്റ്റ് കമ്മിറ്റി XIII

### സാമൂഹ്യസേവനം
(2011-2013)

### ഘടന

ചെയർമാൻ :

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽ കുമാർ
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്

,, ചിറ്റയം ഗോപകുമാർ

,, കെ. എൻ. എ. ഖാദർ

,, റ്റി. യു. കുരുവിള

,, പുരുഷൻ കടലുണ്ടി

,, കെ. രാധാകൃഷ്ണൻ

,, ആർ. രാജേഷ്

ശ്രീമതി കെ. എസ്. സലീഖ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജകറ്റ് കമ്മിറ്റി XIII (2011-13)-ന്റെ, 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി XIII, 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. 12-4-2012, 18-4-2012, 2-5-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും, 26-6-2012, 19-7-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ യഥാക്രമം പീരിയോഡിക്കൽ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനുവേണ്ടിയും 4-9-2012, 15-11-2012, 19-3-2013 എന്നീ തീയതികളിലെ യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന ഇതരവിഷയങ്ങൾ പരിഗണിക്കുന്നതിനു വേണ്ടിയുമാണ് കൂടിയത്. പ്രസ്തുത യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 67% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ പ്രവർത്തനങ്ങളും, ധനാഭ്യർത്ഥനകളുടെ പരിശോധന സബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങളുടെയും എസ്.ആർ.ഒ.കളുടെയും വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2013 മേയ് 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. എം. കെ. മുനീർ,

തിരുവനന്തപുരം,
2013 മേയ് 15.

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIII.*

# റിപ്പോർട്ട്

## ഭാഗം 1

### അദ്ധ്യായം 1

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്നതുമായ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന 2012 ഏപ്രിൽ 12, 18 തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ നടത്തുകയുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XXV —പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ഇത് സംബന്ധിച്ച കരട് റിപ്പോർട്ട് 2012 മേയ് 2-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 2012 ജൂൺ 26-ാം തീയതിയിലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2012 ജൂലൈ 20-ാം തീയതി സഭയിൽ സമർപ്പിച്ചു.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതിയുടെ 2012 ജൂലൈ 19-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2012 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ സാമൂഹ്യക്ഷേമവകുപ്പുമായി ബന്ധപ്പെട്ട 117, 120, 121 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം ഉൾക്കൊള്ളുന്ന ഡിലേ സ്റ്റേറ്റ്മെന്റ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) അനുസരിച്ച് സമിതി ചെയർമാൻ 14-2-2013-ൽ സഭയിൽ സമർപ്പിച്ചു. സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ടിലെ 51, 52, 53, 54, 55 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സമിതി ചെയർമാനും 61-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും 21-3-2013-ൽ സഭയുടെ മേശപ്പുറത്തുവച്ചു.

2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച സാമൂഹ്യക്ഷേമ വകുപ്പിന്റെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ചട്ടം 236(6) അനുസരിച്ച് 18-12-2012-ന് സമിതി ചെയർമാൻ സഭയിൽ സമർപ്പിച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A അനുസരിച്ച് സഭ സമ്മേളിക്കാത്ത അവസരങ്ങളിൽ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്ജക്റ്റ് കമ്മിറ്റികൾ യോഗം ചേരേണ്ടതാണെന്നുള്ള നിഷ്കർഷയുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് 'കേരള വനിതാ കമ്മീഷന്റെ' പ്രവർത്തനങ്ങൾ, ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ സമിതി ചർച്ച നടത്തി. വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനുള്ള തുടർചർച്ചകൾ നടന്നുവരുന്നു.

## അദ്ധ്യായം 2

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും

### 2002-03 സാമ്പത്തിക വർഷത്തിലെ രണ്ടാമത് റിപ്പോർട്ട്

#### ശുപാർശ നമ്പർ 57

**അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് ധനസഹായം**

2002-03 സാമ്പത്തിക വർഷം ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 36,000 രൂപ അപര്യാപ്തമാകയാൽ 14,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### 2012-13 സാമ്പത്തിക വർഷത്തിലെ രണ്ടാമത് റിപ്പോർട്ട്

#### ശുപാർശ നമ്പർ 64

**അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് ധനസഹായം**

അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾുള്ള ധനസഹായമായി സർക്കാര നൽകിവരുന്ന തുക എകീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

#### രണ്ട് ശുപാർശകൾക്കും കൂടി സ്വീകരിച്ച നടപടി

12-12-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 365/2012/പൊഭവ. ഉത്തരവ് പ്രകാരം അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം പ്രതിമാസം 2,500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.

## 2006-07 സാമ്പത്തിക വർഷത്തിലെ ഒന്നാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 58

**വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം**

വിമുക്തഭടന്മാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2006-07 സാമ്പത്തികവർഷം 7 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളു. 2005-06 സാമ്പത്തിക വർഷം മുതൽ ഈ സ്കോളർഷിപ്പുകളുടെ നിരക്കുകൾ ഇരട്ടിയായി വർദ്ധിപ്പിച്ചതായും പ്രസ്തുത സാമ്പത്തിക വർഷം ഈ ഇനത്തിൽ 14.79 ലക്ഷം രൂപ ചെലവഴിച്ചതായും ആയതിനാൽ ഈ വർഷം അനുവദിച്ച 7 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്നും പൊതുഭരണ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 8 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2006-07 സാമ്പത്തിക വർഷത്തിൽ '2235-60-200-94 വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം' എന്ന ശീർഷകത്തിൽ 7 ലക്ഷം രൂപയാണ് സർക്കാർ വകയിരുത്തിയിരുന്നത്. എന്നാൽ സ്കോളർഷിപ്പ് തുകയും വരുമാനപരിധിയും വർദ്ധിപ്പിച്ചതിനാൽ അപേക്ഷകരുടെ എണ്ണം വർദ്ധിക്കുകയും അനുവദിച്ച തുക അപര്യാപ്തമായിത്തീരുകയും ചെയ്തു. 2006-07 സാമ്പത്തിക വർഷം ഈ ഇനത്തിൽ 17,97,000 രൂപ ചെലവഴിക്കുകയും 1652 കുട്ടികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി. അധികമായി ചെലവായ 10,97,000 രൂപ '2235-60-200-82 അവശത അനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം' എന്ന ശീർഷകത്തിൽ നിന്ന് റീ അപ്രോപ്രിയേഷനിലൂടെ കണ്ടെത്തുകയും അപര്യാപ്തത പരിഹരിക്കുകയും ചെയ്തു.

## 2007-08 സാമ്പത്തിക വർഷത്തിലെ രണ്ടാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 120

**ബാലവാടികളും ക്രഷുകളും**

വകുപ്പിന് കീഴിലുള്ള ബാലവാടികളുടെയും ക്രഷുകളുടെയും സുഗമമായ പ്രവർത്തനത്തിന് 15.42 ലക്ഷം രൂപയ്ക്ക് പുറമേ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 15.42 ലക്ഷം രൂപ പര്യാപ്തമായിരുന്നു. പ്രസ്തുത കണക്ക് ശീർഷകത്തിൽ തനതു സാമ്പത്തിക വർഷത്തിൽ 10,23,173 രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളു.

## 2008-09 സാമ്പത്തിക വർഷത്തിലെ മൂന്നാമത് റിപ്പോർട്ട്

### ശുപാർശ നമ്പർ 126 & 131

126. ആദിവാസി കുടുംബങ്ങളുടെ പുനരധിവാസ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ആറളം ഫാമിൽ ഒരേക്കർ വീതം ഭൂമി നൽകിയിട്ടുള്ള 1717 ആദിവാസി കുടുംബങ്ങൾക്കും ആലക്കോട് എസ്റ്റേറ്റ്, പഴശ്ശി പ്രോജക്റ്റ് എന്നീ പ്രദേശങ്ങളിൽ ഭൂമി ലഭിക്കുന്നവർക്കും പുതുതായി നിലവിൽ വന്നിട്ടുള്ള ആദിവാസി വനാവകാശ അംഗീകരിക്കൽ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2008-09 വർഷം കുറഞ്ഞത് 2500 കുടുംബങ്ങൾക്ക് കൂടി പുനരധിവാസ മിഷന്റെ ഭാഗമായി വീട് നിർമ്മിച്ചു നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതിനാൽ ഇപ്പോൾ ആദിവാസി പുനരധിവാസ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമാണെന്ന് കാണുന്നു. ആകയാൽ ഈയിനത്തിൽ 75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

131. സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിലേക്ക് 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ '2225-02-800-37 ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (TRDM)' എന്ന ശീർഷകത്തിൽ 2008-09 സാമ്പത്തിക വർഷത്തിൽ അധികതുകയൊന്നും ആവശ്യമായി വന്നില്ല. അതിനാൽ പ്രസ്തുത ഹെഡിൽ തുക അധികമായി വകയിരുത്തിയില്ല.

### ശുപാർശ നമ്പർ 135

**മെഡിക്കൽ യൂണിറ്റുകൾ**

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് മിഡ് വൈഫറി സെന്റർ, ഒരു ആയുർവ്വേദ ആശുപത്രി, 17 ആയുർവ്വേദ ഡിസ്പെൻസറികൾ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും, രോഗികളുടെ ചികിത്സാ ചെലവിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ഇനത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം 2008-09 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തിയിട്ടില്ല. അക്കൊല്ലം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമായതിനാൽ കൂടുതൽ തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 153

അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യവും വ്യത്യസ്തമായ കഴിവുകളുള്ളവർക്കുമുള്ള പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിൽ 186066 ഗുണഭോക്താക്കളുണ്ട്. ടി പെൻഷൻ ഇരുപത് രൂപ വീതം വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 925.62 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പെൻഷൻ പദ്ധതിയിൽ കീഴിലുള്ള 186066 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിലേക്കായി 3938.65 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു എങ്കിലും 3481.92 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുണ്ടായിരുന്നത്. പ്രസ്തുത തുക കൂടാതെ ആദ്യ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ച 925.62 ലക്ഷം രൂപയും അവസാന ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ച 281.33 ലക്ഷം രൂപയും ഉൾപ്പെടെ 4688.87 ലക്ഷം രൂപ പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 154

പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം നൽകുന്നതിന് നടപ്പുവർഷം ഏകദേശം 14063 അപേക്ഷകൾ പ്രതീക്ഷിക്കുന്നതിനാൽ 123.15 ലക്ഷം രൂപ അധികമായി ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം നൽകുന്നതിന് 703.15 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു എങ്കിലും 580 ലക്ഷം രൂപ മാത്രാണ് അനുവദിച്ചു തന്നിട്ടുള്ളത്. ആയതിനാലാണ് ഇതിലേക്കായി 123.15 ലക്ഷം രൂപ കൂടി ആവശ്യമാണെന്ന് ശുപാർശ ചെയ്തിരുന്നത്. എന്നാൽ ടി തുക അനുവദിച്ചില്ല.

ശുപാർശ നമ്പർ 155

അഗതി (വിധവകൾക്കുള്ള) ഈ പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിൽ 286867 ഗുണഭോക്താക്കളുണ്ട്. പെൻഷൻ തുക 10 രൂപ വീതം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ സാമ്പത്തിക വർഷത്തിൽ കുടിശ്ശികയില്ലാതെ വിതരണം നടത്തുന്നതിലേക്കായി 646.45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഗതി (വിധവ) കൾക്കുള്ള പെൻഷൻ പദ്ധതിയിൽ പെൻഷൻ വിതരണത്തിനായി 4174.92 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു എങ്കിലും 3889.93 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബഡ്ജറ്റ് വിഹിതമായി ലഭിച്ച 3889.93 ലക്ഷം രൂപ കൂടാതെ ആദ്യ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ച 646.45 ലക്ഷം രൂപയും അവസാന ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ച 2692.67 ലക്ഷം രൂപയും ഉൾപ്പെടെ 7229.05 ലക്ഷം രൂപ പെൻഷൻ വിതരണത്തിനായി വിനിയോഗിച്ചു കഴിഞ്ഞു.

ശുപാർശ നമ്പർ 156

അമ്പത് വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധയിൻകീഴിൽ 35564 ഗുണഭോക്താക്കളുണ്ട്. ടി പെൻഷൻ 10 രൂപ വീതം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ കുടിശ്ശിക ഇല്ലാതെ വിതരണം നടത്തുന്നതിലേക്ക് 101.53 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അമ്പത് വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധയിൻകീഴിലുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണത്തിനായി 517.56 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു എങ്കിലും 460.85 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചു തന്നിട്ടുള്ളത്. ബഡ്ജറ്റ് വിഹിതമായി ലഭിച്ച 460.85 ലക്ഷം രൂപയും ആദ്യ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ച 101.53 ലക്ഷം രൂപയും അവസാന ഉപധനാഭ്യർത്ഥനയിലുടെ ലഭിച്ച 333.84 ലക്ഷം രൂപയും ഉൾപ്പെടെ 896.22 ലക്ഷം രൂപ പെൻഷൻ വിതരണത്തിനായി വിനിയോഗിച്ചു കഴിഞ്ഞു.

ശുപാർശ നമ്പർ 157

സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായുള്ള സാമ്പത്തിക സഹായത്തിനായി 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായുള്ള ധനസഹായം അനുവദിക്കുന്നതിലേക്കായി 6 ലക്ഷം രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. ആയതിനാൽ 1 ലക്ഷം രൂപ കൂടി സബ്ജക്റ്റ് കമ്മിറ്റിയിലുടെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അധികതുക അനുവദിച്ചു നൽകിയിട്ടില്ല. ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5 ലക്ഷം രൂപയിൽ 4.74 ലക്ഷം രൂപ മാത്രമേ ചെലവായുള്ളു. ആകയാൽ ബാക്കി തുകയായ 26,000 രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്തിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുകയ്ക്കുള്ളിൽത്തന്നെ ചെലവ് ക്രമീകരിക്കാൻ കഴിഞ്ഞതിനാൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്ത തുകയുടെ ആവശ്യം വന്നിട്ടില്ല എന്ന വിവരം കൂടി അറിയിക്കുന്നു.

## 2009-10 സാമ്പത്തിക വർഷത്തിലെ നാലാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 154

2008-09 വർഷം പ്രാചീന ഗോത്രവർഗ്ഗ വിഭാഗക്കാർക്കുള്ള സമഗ്ര വികസന പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 9.60 കോടി രൂപ വിനിയോഗിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷത്തിൽ 9 കോടി 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 വർഷം പ്രാചീന ഗോത്രവർഗ്ഗ വിഭാഗക്കാർക്കായുള്ള സമഗ്ര വികസന പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 9 കോടി 60 ലക്ഷം രൂപ 2009-10 സാമ്പത്തിക വർഷത്തിൽ 2225-02-794-92 (പ്ലാൻ) എന്ന കണക്കു ശീർഷകത്തിൽ ഫസ്റ്റ് ബാച്ച് SDG മുഖേന വകയിരുത്തിയിട്ടുണ്ട്. സബ്ജക്റ്റ് കമ്മിറ്റി യുടെ ശുപാർശയിന്മേൽ മുകളിൽ പറയും പ്രകാരം നടപടികൾ കൈക്കൊണ്ടിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ശുപാർശ നമ്പർ 156

സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വനാവകാശനിയമം നടപ്പിലാക്കു മ്പോൾ ഭൂമി ലഭിക്കുന്നവർക്ക് ഭവനനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതുമൂലമുണ്ടാകുന്ന ചെലവ് വഹിക്കുന്നതിനായി 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിയമസഭാ സബ്ജക്റ്റ് കമ്മിറ്റി അധികമായി ശുപാർശ ചെയ്തിരുന്ന 25 കോടി രൂപ 2009-10 വർഷമോ തുടർന്നുള്ള വർഷങ്ങളിലോ ലഭിക്കുകയുണ്ടായിട്ടില്ല. എന്നാൽ ഈ ശീർഷകത്തിൽ പ്രസ്തുത വർഷം ലഭിച്ച 25,75,00,000 (ഇരുപത്തി അഞ്ച് കോടി എഴുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) ആദിവാസി പുനരധിവാസ വികസന മിഷന് (TRDM) നൽകിയിട്ടുണ്ട്. കൂടാതെ 2010-11 വർഷം ഈ ആവശ്യത്തി ലേക്കായി 16 കോടി രൂപ വകയിരുത്തിയതിൽ 12,08,00,000 (പന്ത്രണ്ട് കോടി എട്ട് ലക്ഷം രൂപ മാത്രം) രൂപയും ആദിവാസി പുനരധിവാസ വികസന മിഷന് (TRDM) നൽകിയിട്ടുണ്ട്. 2011-12 വർഷം ഈ ആവശ്യത്തിലേക്കായി 15 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 157

സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് 2003-04 വർഷം അധിക കേന്ദ്ര സഹായമായ 5 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്താതിരുന്നതിനാലും ചെലവഴിക്കാനുള്ള അനുമതി ലഭിക്കാത്തതിനാലും ഇതുവരെ വിനിയോഗിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ 2009-10 സാമ്പത്തിക വർഷം അധിക കേന്ദ്ര സഹായമായി ലഭിച്ച തുക വിനിയോഗിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിയമസഭാ സമിതി ശുപാർശ ചെയ്ത പ്രകാരം '2225-02-800-37 ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (അധിക കേന്ദ്ര സഹായം)' എന്ന ശീർഷകത്തിൽ 5 കോടി രൂപ 2009-10 വർഷം ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ 2011-12 വർഷത്തെ ധനാഭ്യർത്ഥന പരിശോധിക്കുന്ന വിഷയനിർണ്ണയ സമിതി മുമ്പാകെ പ്രസ്തുത തുക അടക്കം ഈ ആവശ്യത്തിലേക്കായി 50 കോടി രൂപ അധികമായി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

ശുപാർശ നമ്പർ 170

**ഭരണസംവിധാനം ശക്തിപ്പെടുത്തൽ**

ഈ ഇനത്തിൽ 50 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും 20 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ഇരുപത് ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ഇതിൽനിന്നും പ്രസ്തുത സാമ്പത്തിക വർഷം 19,92,000 രൂപ ചെലവഴിച്ചു.

ശുപാർശ നമ്പർ 181

തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാർ ഇതര സംഘടനകൾക്കും വൃദ്ധ സദനങ്ങളും ഡേകെയർ സെന്ററുകളും ആരംഭിക്കുന്നതിനുള്ള ധനസഹായം.

സംസ്ഥാന സർക്കാരിന്റെ വയോജനനയം നടപ്പിലാക്കുന്നതിനായി വൃദ്ധ സദനങ്ങളും ഡേകെയർ സെന്ററുകളും ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് ഭരണപരമായ ചെലവുകൾക്കായി 2 ലക്ഷം രൂപവീതം നൽകുവാൻ നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമാകയാൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷം പതിനഞ്ച് ലക്ഷം രൂപ അനുവദിച്ചിരുന്നു. തുക പൂർണ്ണമായും ടി സാമ്പത്തിക വർഷം ചെലവഴിച്ചു.

ശുപാർശ നമ്പർ 182

**ആഫ്റ്റർ കെയർ പ്രോഗ്രാമിനുള്ള സഹായം**

മുൻകുറ്റവാളികൾ, പ്രൊബേഷണർമാർ, എക്സ് പ്യൂപ്പിൾ എന്നിവരുടെ പുനരധിവാസത്തിനും കുറ്റകൃത്യങ്ങൾക്കിരയായതുമൂലം കഷ്ടനഷ്ടങ്ങൾ സംഭവിച്ച വർക്കും ജീവിതമാർഗ്ഗം നേടിയെടുക്കുന്നതിനായി വിക്റ്റിം റീഹാബിലിറ്റേഷൻ സ്കീം പ്രകാരം ധനസഹായമായി നൽകിവരുന്ന 10,000 രൂപ, 25,000 രൂപയായി വർദ്ധിപ്പി ക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുള്ളതിനാൽ ഈയിനത്തിൽ 37 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷം ഇരുപത്തിയഞ്ചു ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽ ഇരുപത്തിനാലുലക്ഷത്തിതൊണ്ണൂറ്റിയൊന്നായിരം രൂപ ചെലവഴിച്ചു.

ശുപാർശ നമ്പർ 183

**നിലവിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം**

ചാക്ക കെയർ ഹോമിന്റെ കെട്ടിടനിർമ്മാണം 50 ക്ഷേമ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ വകയിരുത്തിയിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ 136 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ നാല് കോടി രൂപ അനുവദിച്ചിരുന്നു. നാല് കോടി രൂപയും ചെലവഴിച്ചു.

ശുപാർശ നമ്പർ 184

**അസംഘടിത വിഭാഗത്തിനുവേണ്ടി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ**

സ്റ്റേറ്റ് ഓൾഡ് ഏജ് പോളിസി, പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള സംരക്ഷണം എന്നീ പദ്ധതികളുടെ പ്രവർത്തനത്തിന് 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ എഴുപത് ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽനിന്നും 69,84,000 രൂപ ചെലവഴിച്ചു.

ശുപാർശ നമ്പർ 187

**മേൽനോട്ടം**

നിലവിൽ വാഹനം ലഭ്യമാക്കിയിട്ടുള്ള 5 ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും 3 റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർക്കും ഏൽപ്പിച്ചിട്ടുള്ള ജോലികൾ സമയബന്ധിതമായി തീർക്കുന്നതിന് വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കും POL ഇനത്തിലും കൂടുതൽ തുക വകയിരുത്തുന്നതിനും ഓഫീസുകളിൽ കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കിയിട്ടുള്ളതിനാൽ ഇലക്ട്രിസിറ്റി, ടെലിഫോൺ ചാർജ് ഇനത്തിലും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 6,45,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 60,000 രൂപ അനുവദിച്ചിരുന്നു. തുക പൂർണമായി വിനിയോഗിച്ചശേഷം അധികമായി ആവശ്യമായ 25,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് അനുവദിക്കുകയും ചെയ്തു. ആകെ ലഭ്യമായ 85,000 രൂപ 2009-10 സാമ്പത്തിക വർഷം പൂർണമായും ചെലവഴിച്ചു.

POL ഇനത്തിൽ 1,20,000 രൂപ അനുവദിച്ചിരുന്നു. അഡീഷണൽ ആതറൈസേഷൻ വഴി 50,000 രൂപയും അനുവദിച്ചിരുന്നു. ഈ തുക ഉൾപ്പെടെ 2009-10 സാമ്പത്തിക വർഷം 1,70,000 രൂപ പൂർണമായും ചെലവഴിച്ചു.

ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ 70,000 രൂപ അനുവദിച്ചിരുന്നു. അഡീഷണൽ ആതറൈസേഷൻ വഴി 30,000 രൂപ കൂടി അനുവദിച്ചിരുന്നു. 2009-10 സാമ്പത്തിക വർഷം മൊത്തം വൈദ്യുത ചെലവ് ഇനത്തിൽ 99,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ടെലിഫോൺ ചാർജ് ഇനത്തിൽ 1,20,000 രൂപ അനുവദിച്ചിരുന്നു. അഡീഷണൽ ആതറൈസേഷൻ വഴി 1,00,000 രൂപ അനുവദിച്ചു. ഈ തുക ഉൾപ്പെടെ 2009-10 സാമ്പത്തിക വർഷം ആകെ 2,13,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 208

**അവശതയനുഭവിക്കുന്ന രണ്ടാം ലോകമഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം**

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കൾക്ക് പ്രതിമാസം നൽകി വരുന്ന ധനസഹായം 400 രൂപയിൽ നിന്നും 600 രൂപയായി വർദ്ധിപ്പിച്ചതിനാൽ ഇതിനായി വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകം സാമൂഹ്യക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്നതല്ല.

## 2010-11 സാമ്പത്തിക വർഷത്തിലെ അഞ്ചാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 108

**ഗിരിവർഗ്ഗ ഹോസ്റ്റൽ**

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ നവീകരിച്ച് മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ട്രൈബൽ ഹോസ്റ്റലുകളിൽ 91 കുക്ക്മാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള തിനാലും ഭക്ഷണച്ചെലവ് 1,300 രൂപയാക്കി വർദ്ധിപ്പിച്ചതിനാലും ഈ വർഷം വകയിരുത്തിയിട്ടുള്ള 12.50 കോടി രൂപ അപര്യാപ്തമായതിനാൽ 295 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തികവർഷം 2225-02-277-94-34 (പദ്ധതിയിതരം) എന്ന കണക്ക് ശീർഷകത്തിൽ 350 ലക്ഷം രൂപ അധികമായി അനുവദിച്ചു നൽകുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന് ധനകാര്യ വകുപ്പ് 29-11-2010-ലെ സ.ഉ.(സാധാ.) നമ്പർ 8551/10 പ്രകാരം 1,00,00,000 (ഒരു കോടി രൂപ മാത്രം) അനുവദിക്കുകയും ചെയ്തു. തുടർന്ന് 17-3-2011-ലെ സ.ഉ.(സാധാ.) നമ്പർ 1955/11/ ധന പ്രകാരം ഒരു കോടി രൂപ ധനപുനഃനിർണ്ണയം മുഖേന ലഭ്യമായിട്ടുണ്ട്. ടി ശീർഷകത്തിൽ ആകെ 2 കോടി രൂപ അധികമായി വകയിരുത്തുകയുണ്ടായി.

### ശുപാർശ നമ്പർ 110

**ഗിരിവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പൂൾഡ് ഫണ്ട്**

പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്ന ആവശ്യങ്ങൾക്ക് മുൻഗണന നൽകി സന്നദ്ധ സംഘടനകളുടേയും, വിവിധ വകുപ്പുകളുടേയും, ഏജൻസികളുടേയും മേൽനോട്ടത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ് ഈ പദ്ധതി. കഴിഞ്ഞ വർഷങ്ങളിൽ ജില്ലകളിൽനിന്നും ലഭിക്കുന്ന പല പദ്ധതികൾക്കും ഫണ്ടിന്റെ അപര്യാപ്തത കാരണം അനുമതി നൽകുവാൻ കഴിയുന്നില്ലെന്ന് സമിതി മനസിലാക്കുന്നു. ഭവന നിർമ്മാണത്തിനു പുറമേ റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾക്കുകൂടി ഈ ശീർഷകത്തിൽ നിന്നും തുക കണ്ടെത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2010-11 വർഷത്തിൽ ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്) ഉൾപ്പെടുത്തി 312.25 ലക്ഷം രൂപയാണ് ലഭ്യമായിരുന്നത്. സംസ്ഥാന പദ്ധതിവിഹിതം 10,000 കോടി രൂപയിൽ നിന്നും 10,025 കോടി രൂപയായി വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അധികമായി ലഭ്യമായിട്ടുണ്ട്. 2011-12 വർഷം പ്രസ്തുത ശീർഷകത്തിൽ വർദ്ധിച്ച ആവശ്യങ്ങൾ പരിഗണിച്ച് 1,964 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി.

### ശുപാർശ നമ്പർ 117

സാമൂഹ്യക്ഷേമവകുപ്പിൽ 35 കൊല്ലത്തിനുളളിൽ സ്റ്റാഫിന്റെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും നിരവധി ആക്ടുകളും റൂളുകളും നടപ്പിലാക്കാനുളള ഈ വകുപ്പിൽ ജീവനക്കാരുടെ എണ്ണം ആനുപാതികമായി തുച്ഛമാണെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സാമൂഹ്യക്ഷേമ വകുപ്പിൽ പുതുക്കിയ സ്റ്റാഫ് ഘടന നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന/ജില്ലാതല ഐ.സി.ഡി.എസ്. സെല്ലിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് 11-5-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 27/2012/സാ.ക്ഷേ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

### ശുപാർശ നമ്പർ 120

വികലാംഗർക്ക് വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം, സാമൂഹ്യ സുരക്ഷ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുളള വിവിധ ക്ഷേമപ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായി കുറഞ്ഞത് 20 മിനിട്ടെങ്കിലും ദൈർഘ്യമുളള ഒരു ഡോക്യുമെന്ററി നിർമ്മിക്കുന്നതിനും വിവിധ ക്ഷേമപ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി 10 മുതൽ 20 സെക്കന്റുവരെയുളള വീഡിയോ ക്ലിപ്പിംഗ്സ് നിർമ്മിക്കുവാനും അവ സംപ്രേഷണം ചെയ്യുവാനും നിലവിൽ വകയിരുത്തിയിട്ടുളള 15 ലക്ഷം രൂപയ്ക്കു പുറമേ ഈയിനത്തിൽ 15 ലക്ഷം കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത കാര്യങ്ങൾക്കായി 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും വകയിരുത്തുക യുണ്ടായിട്ടില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 35 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 121

കമ്മീഷണറേറ്റിൽ നിലവിലുള്ള മോട്ടോർകാർ പഴക്കമേറിയതിനാൽ ഒരു പുതിയ കാർ വാങ്ങുന്നതിന് തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ആവശ്യത്തിനായി 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും വകയിരുത്തുക യുണ്ടായിട്ടില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷം അധികധനസഹായമായി 6 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട്.

## 2011-12 സാമ്പത്തിക വർഷത്തിലെ ഒന്നാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 6

**ഭൂരഹിതർക്ക് ഭൂമി (എസ്.സി.പി.)**

ഭവനനിർമ്മാണത്തിന് സ്വന്തമായി സ്ഥലമില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും ഭവനനിർമ്മാണത്തിന് സ്വന്തമായി സ്ഥലംവാങ്ങി നൽകുകയെന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്വന്തമായി സ്ഥലമില്ലാത്ത പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനുള്ള സ്ഥലം വാങ്ങുന്നതിന് 2225-01-800-31(1), 2225-01-800-31(2) എന്നീ രണ്ട് ശീർഷകങ്ങളിലായി നടപ്പ് സാമ്പത്തികവർഷം 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും 31-10-2011 വരെ 245.95 ലക്ഷം രൂപ മാത്രമേ ചെലവുവന്നിട്ടുള്ളൂ. 31-3-2012-നകം ബാക്കി തുക ചെലവഴിക്കേണ്ടതുണ്ട്. ടി ശീർഷകത്തിൽ ഇനിയും അധികമായി 10 കോടി രൂപ വകയിരുത്തിയാൽ ഈ സാമ്പത്തികവർഷം മൊത്തം തുകയും ചെലവഴിക്കാനാകുമോയെന്ന് ഉറപ്പില്ലാത്തതിനാൽ, ഈ സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ അധികതുക അനുവദിക്കേണ്ടതില്ലെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈവർഷം അധികതുക ആവശ്യമായി വരുന്നപക്ഷം മറ്റ് ശീർഷകങ്ങളിൽ നിന്നും തുക ധനഃപുനർവിനിയോഗംവഴി കണ്ടെത്താനാവുമെന്നും റിപ്പോർട്ടു ചെയ്യുന്നു.

ശുപാർശ നമ്പർ 18

**ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം**

ഓരോ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർ വീതം ഭൂമിയും വീടും മറ്റ് പശ്ചാത്തല സൗകര്യങ്ങളും നൽകുന്നതിനും, വനാവകാശ നിയമ പ്രകാരം ഭൂമി ലഭിച്ച ആദിവാസി കുടുംബങ്ങൾക്ക് വീടും മറ്റ് തൊഴിൽ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായ തിനാൽ ഈ ശീർഷകത്തിൽ 5,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വയനാട് ജില്ലയിലെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിവാങ്ങി പുനരധിവസിപ്പിക്കുന്നതിന്, മുൻപ് അനുവദിച്ച 50 കോടി രൂപയും 40 കോടി രൂപയും 2011-12 സാമ്പത്തിക വർഷം അനുവദിച്ച 15 കോടി രൂപയും ഇനിയും പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലാത്തതിനാലും നടപ്പു സാമ്പത്തികവർഷത്തിൽ അധികതുക വിനിയോഗിക്കുന്നതിനുള്ള സമയം അവശേഷിക്കുന്നില്ല എന്നതിനാലും അധികമായി തുക വകയിരുത്തേണ്ട ആവശ്യമില്ല.

ശുപാർശ നമ്പർ 20

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുപുറമെ പ്രഭാതഭക്ഷണംകൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതൊരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും മറ്റും പഠിക്കുന്ന കുട്ടികൾക്കും വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലിൽ താമസിച്ച് പുറത്തുള്ള സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികവിഭാഗം കുട്ടികൾക്കും പ്രഭാതഭക്ഷണം ഇപ്പോൾത്തന്നെ നൽകിവരുന്നുണ്ട്. ഇതര സ്കൂളുകളിൽ തികച്ചും ദരിദ്രരായ മറ്റ് സമുദായങ്ങളിലെ കുട്ടികളും പഠിക്കുന്നുണ്ട്. പ്രസ്തുത കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള തീരുമാനം പൊതുവിദ്യാഭ്യാസ വകുപ്പ് എടുക്കുകയാണെങ്കിൽ ഈ വകുപ്പും ആയത് നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

ശുപാർശ നമ്പർ 20

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് 25 ലക്ഷം രൂപ അധികമായി വകയിരുത്തുക.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനോട് പ്രൊപ്പോസൽ ആവശ്യ പ്പെട്ടിരുന്നെങ്കിലും ആയത് ലഭിച്ചിട്ടില്ല.

ശുപാർശ നമ്പർ 21

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് 358 ലക്ഷം രൂപ അധികമായി അനുവദിക്കുക.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിന് പുറമെ 358 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിരുന്നെങ്കിലും 2011-12 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയും, നിയമസഭ പാസാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അധികതുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി.

ശുപാർശ നമ്പർ 47

വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന് 1999 മോഡൽ അമ്പാസിഡർ കാറാണുള്ളത്. പ്രസ്തുത കാറിന്റെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ 2011-12 സാമ്പത്തികവർഷം വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിലെ കെ.എൽ. 01. ആർ. 3026-ാം നമ്പർ കാർ അറ്റകുറ്റപ്പണി നടത്തുന്നതിന് 16,000 രൂപ അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 48

വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറുടെയും ആഫീസിന്റെയും ഉപയോഗത്തിനായി നിലവിൽ 1999 മോഡൽ അമ്പാസിഡർ കാറാണുള്ളത്. വികലാംഗ സംരക്ഷണനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അദാലത്തുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ടീം, ഉപകരണങ്ങൾ, സെമിനാറിൽ വിതരണം ചെയ്യുന്നതിനുള്ള പഠനോപകരണങ്ങൾ എന്നിവ കൊണ്ടുപോകുന്നതിനായി കമ്മീഷണറേറ്റിന് ഒരു പുതിയവാഹനം വാങ്ങുന്നതിനായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അധിക ധനസഹായമായി 6 ലക്ഷം രൂപ 2012-13 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 49

വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി രൂപീകൃതമായതും പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ ഒരു പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ഈ സാമ്പത്തികവർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 15 പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2235-02-190-98 (പ്ലാൻ) എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിയമസഭാസമിതി ശുപാർശ ചെയ്തതുപ്രകാരം അധികതുക വകയിരുത്തുന്നതിനുള്ള നിർദ്ദേശം ധനവകുപ്പിന് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ അധിക വിഭവസമാഹരണ സാധ്യതകളുടെ പരിമിതി കാരണം സമിതി ശുപാർശ ചെയ്ത അധികതുക (50 ലക്ഷം രൂപ) വികലാംഗ ക്ഷേമ കോർപ്പറേഷന് അനുവദിച്ചു കിട്ടുകയുണ്ടായില്ല.

ശുപാർശ നമ്പർ 50 & 57

**സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി-കേരള വനിതാ വികസന കോർപ്പറേഷൻ**

വനിതകൾക്ക് വിവിധ തരത്തിലുള്ള ജെൻഡർ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള ജെൻഡർ അവെയർനസ് പരിപാടിയിൽ സ്കൂൾ/കോളേജ് തലങ്ങൾ മുതൽ വിദ്യാർത്ഥിനികൾക്കായി ഈ വിഷയത്തെക്കുറിച്ചുള്ള വീഡിയോ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ ചിത്രീകരിച്ച് കേരളത്തിലെ എല്ലാ വനിതാ കോളേജുകളിലും 28 റൂറൽ സ്കൂളുകളിലും പ്രദർശിപ്പിക്കുന്നതിനും, കേരളത്തിലെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഹ്രസ്വകാല ആയോധന പരിശീലനം, വിമെൻ ഇൻഫർമേഷൻ സെന്റർ, ജെൻഡർ അവയെർനെസ് സെമിനാർ, പെൺകുട്ടികൾക്ക് ജോലി ലഭിക്കുന്നതിനുള്ള ഓൺലൈൻ ജോബ് പോർട്ടൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി-കേരള വനിതാ കമ്മീഷൻ**

'സ്ത്രീധന വിമുക്ത കേരളം—ആർഭാടരഹിത വിവാഹം' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവാഹ ധൂർത്തിനെതിരെ സംസ്ഥാനവ്യാപകമായി പ്രചരണപരിപാടികൾ തുടർന്ന് നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ അയച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾ കണക്കിലെടുത്ത് അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 51

**അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി**

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ 10% വർദ്ധനവ് ഈ വർഷം പ്രതീക്ഷിക്കുന്നതിനാൽ പെൻഷൻ നൽകുന്നതിലേക്കായി ഈ വർഷം ഈ ഇനത്തിൽ 8,67,26,880 ലക്ഷം രൂപ കൂടി അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അത്രയും തുക ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതിയിൽ 10% വർദ്ധനവ് പ്രതീക്ഷിച്ച്, പെൻഷൻ നൽകുന്നതിനായി 87,27,93,000 രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 78,60,66,120 രൂപ മാത്രം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നതിനാലാണ് 8,67,26,880 രൂപ കൂടി ആവശ്യമാണെന്ന് ശുപാർശ ചെയ്തിരുന്നത്. പെൻഷൻ തുക 400 രൂപയായി വർദ്ധിപ്പിച്ചതിനാൽ അധികമായി വേണ്ടിവരുന്ന തുകയും ബഡ്ജറ്റ് ശുപാർശ പ്രകാരം ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള ബാക്കി തുകയും ഉൾപ്പെടെ 3/12 വരെ കുടിശ്ശികയില്ലാതെ പെൻഷൻ നൽകുന്നതിനുവേണ്ടി അഡീഷണൽ ആതറൈസേഷൻ മുഖേന ആവശ്യപ്പെട്ട 3,737.39 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

ശുപാർശ നമ്പർ 52

**വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം**

പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഏകദേശം 6944 അപേക്ഷകൾ പ്രതീക്ഷിക്കുന്നു. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30,18,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ പദ്ധതിക്ക് 7,63,70,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 7,33,52,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചിരുന്നത്. ടി ധനസഹായം കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിനായി ആവശ്യപ്പെട്ടിരുന്ന 399.46 ലക്ഷം രൂപയിൽ 149.88 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 53

ഈ പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിൽ 512672 ഗുണഭോക്താക്കളുണ്ട്. ഈ വർഷം 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം നടത്തുന്നതിന് 29,90,33,388 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഗതികൾക്കുള്ള പെൻഷൻ പദ്ധതിയിൽ 183,26,53,520 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. ടി പെൻഷൻ തുക വർദ്ധിപ്പിച്ച സാഹചര്യത്തിലും ബഡ്ജറ്റ് ശുപാർശ പ്രകാരമുള്ള ബാക്കി തുകയും ഉൾപ്പെടെ 10,858.32 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ പ്രകാരം അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 54

**ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി**

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ നിലവിൽ 191946 ഗുണഭോക്താക്കളാണുള്ളത്. 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ 211140 ഗുണഭോക്താക്കൾക്ക് ഒരു വർഷം നൽകേണ്ടുന്ന പെൻഷൻ ഇനത്തിൽ 9,77,15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 70,03,96,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച് നൽകിയിരുന്നത്. പെൻഷൻ തുക വർദ്ധിപ്പിച്ച സാഹചര്യത്തിലും ബഡ്ജറ്റ് ശുപാർശ പ്രകാരം ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള ബാക്കി തുകയും ഉൾപ്പെടെ കുടിശ്ശിക കൂടാതെ പെൻഷൻ നൽകുന്ന തിനാവശ്യമുള്ള 4,001.69 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ചിട്ടുള്ളതാണ്.

ശുപാർശ നമ്പർ 55

**സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി**

ഈ പെൻഷൻ പദ്ധതിയിൽ നിലവിൽ 45284 ഗുണഭോക്താക്കളുണ്ട്. 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ 49812 ഗുണഭോക്താക്കൾക്ക് കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 15,20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ പദ്ധതിയിൽ 18,78,69,780 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്.

പെൻഷൻ തുക വർദ്ധിപ്പിച്ച സാഹചര്യത്തിലും കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യേണ്ടതിനാലും അധികമായി ആവശ്യപ്പെട്ട 598.96 ലക്ഷം രൂപയിൽ 535.32 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 56

സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായുള്ള സാമ്പത്തിക സഹായത്തിനായി 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച് നൽകിയത്. ഇത് അപര്യാപ്തമാണെന്ന നിഗമനത്തിൽ 1 ലക്ഷം രൂപ കൂടി ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ആയത് അനുവദിച്ചിട്ടില്ല. എന്നാൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5 ലക്ഷം രൂപയിൽ 3.17 ലക്ഷം രൂപയുടെ ചെലവ് മാത്രമേ വന്നിട്ടുള്ളൂ. ആകയാൽ ബാക്കി തുകയായ 1.83 ലക്ഷം രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ടെന്ന വിവരം കൂടി അറിയിക്കുന്നു.

ശുപാർശ നമ്പർ 60

ബധിരരും മൂകരുമായവർക്ക് പുനരധിവാസം നൽകുക എന്ന ലക്ഷ്യത്തോടെ 1997-ൽ ആരംഭിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്) പോയ വർഷങ്ങളിലെ പ്രവർത്തനംകൊണ്ട് ദേശീയതലത്തിൽ അറിയപ്പെടുന്ന സ്ഥാപനമായി വളർന്നുകഴിഞ്ഞു. കേൾവിശക്തി വിലയിരുത്തൽ, സംസാരശേഷി പുനഃസ്ഥാപിക്കുക, പ്രീ സ്കൂൾ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഗൈഡൻസ് പരിപാടി, ഇ.എൻ.റ്റി. സേവനങ്ങൾ, സ്പീച്ച് തെറാപ്പി, തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങി വിവിധ പരിപാടികൾ നടത്തിവരുന്ന നിഷിന്റെ സുഗമമായ പ്രവർത്തന ങ്ങൾക്കായി 115 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിയമസഭാസമിതി ശുപാർശ ചെയ്തപ്രകാരം അധികതുക വകയിരുത്തുന്ന തിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷം നിഷിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി 2235-02-101-85(പ്ലാൻ) ശീർഷക ത്തിൽ വകയിരുത്തിയിരിക്കുന്ന 400 ലക്ഷം രൂപയിൽ 200 ലക്ഷം രൂപ മാത്രമേ നവംബർ 11 വരെയുള്ള കാലഘട്ടത്തിൽ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ സബ്ജക്ട് കമ്മിറ്റി (സാമൂഹ്യസേവനം) ശുപാർശ ചെയ്ത അധിക തുകയായ 115 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടില്ല.

ശുപാർശ നമ്പർ 61

സംസ്ഥാന സർക്കാർ നൽകിവരുന്ന സ്വാതന്ത്ര്യ സമര യോദ്ധാക്കൾക്കുള്ള പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിൽ 7340 ഗുണഭോക്താക്കളാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് ഈ സാമ്പത്തിക വർഷത്തിൽ പെൻഷൻ വിതരണത്തിനായി

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 110.76 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-60-107-99-27-NP-Vകേരള സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ എന്ന ശീർഷകത്തിൽ 58,02,66,000 രൂപ വകയിരുത്തിയിരുന്നു. 2235-60-107-99-34-NP-V മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 16,00,000 രൂപയും അനുവദിച്ചിരുന്നു. 31-3-2012-ലെ ജി.ഒ.(ആർറ്റി.) നമ്പർ 4274/2012/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീ അപ്രോപ്രിയേഷൻ മുഖേന 2235-60-107-99-27-NP-V എന്ന ശീർഷകത്തിലേക്ക് 6,45,26,000 രൂപ അനുവദിക്കുന്നതിനാൽ മൊത്തം 64,63,92,000 രൂപ ലഭ്യമായിരുന്നു. 2235-60-107-99-27-ND-V എന്ന ശീർഷകത്തിൽ നിന്നും ഈ ഇനത്തിൽ മൊത്തം 62,60,00,203 രൂപ ചെലവായിട്ടുണ്ട്. ഇതിൽ 2,03,91,797 രൂപയുടെ സേവിംഗ്സ് ഉണ്ടായിട്ടുള്ള തിനാൽ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഖണ്ഡിക 61-ലെ ശുപാർശയിൽ പരാമർശിച്ചിട്ടുള്ള 110.76 ലക്ഷം രൂപ അധികമായി ആവശ്യം വന്നില്ല എന്ന വിവരം കൂടി അറിയിക്കുന്നു.

## 2012-13 സാമ്പത്തിക വർഷത്തിലെ രണ്ടാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 48

സംസ്ഥാനത്തെ 33115 അംഗൻവാടികളിലെ അംഗൻവാടി വർക്കർമാർ/ഹെൽപ്പർമാർ എന്നിവർക്ക് സംസ്ഥാന വിഹിതമായി അനുവദിച്ച 1,000 രൂപ അഡീഷണൽ ഓണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നിവ അനുവദിക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 84 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

3-11-2012-ലെ സ.ഉ.(സാധാ.)നമ്പർ 9364/2012/ധന. പ്രകാരം പ്രസ്തുത പദ്ധതിക്കായി 79,32,11,000 രൂപ അധികധനസഹായമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 63

സംസ്ഥാന സർക്കാർ നൽകിവരുന്ന സ്വാതന്ത്ര്യ സമര യോദ്ധാക്കൾക്കുള്ള പെൻഷൻ പദ്ധതിയിൻകീഴിൽ 6449 ഗുണഭോക്താക്കളാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് 2012-13 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക കൂടാതെ പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം '2235-60-107-99(P)' എന്ന ശീർഷകത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധിക തുക നൽകുന്ന കാര്യം ധനവകുപ്പ് പരിഗണിക്കുന്നതാണ്.

**ഭാഗം II**

(എ) റിപ്പോർട്ട് കാലയളവിൽ സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങളും റഗുലേഷനും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

1. 'കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി' കരട് ചട്ടം.

2. 1995-ലെ വികലാംഗ (തുല്യഅവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) ആക്ട്, എസ്.ആർ.ഒ. 483/2012-ന്റെ ഭേദഗതി.

3. 1960-ലെ The Orphanages and Other Charitable Home (Supervision and Control) Act, അനുസരിച്ചുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റഗുലേഷനിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് റഗുലേഷൻ.

(ബി) സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ താഴെപ്പറയുന്ന ചട്ടങ്ങൾ പുറപ്പെടുവിച്ചത് സംബന്ധിച്ച് ഗവൺമെന്റ് നൽകിയ വിശദീകരണം സമിതി പരിശോധിക്കുകയും ഗവൺമെന്റ് നടപടി സാധൂകരിക്കുകയും ചെയ്തു:

1. 1995-ലെ വികലാംഗ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) ആക്ട്, എസ്.ആർ.ഒ. 483/2012.

2. 2012-ലെ മാനസിക സാമൂഹ്യ പുനരധിവാസ കേന്ദ്രങ്ങളുടെ കേരള രജിസ്ട്രേഷൻ ചട്ടങ്ങൾ, എസ്.ആർ.ഒ. 543/2012.

3. 2012-ലെ കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) വിശേഷാൽ ചട്ടം, എസ്.ആർ.ഒ. 888/2012.

ഡോ. എം. കെ. മുനീർ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2013 മേയ് 15.

അനുബന്ധം I

**കേരള സർക്കാർ**

സംഗ്രഹം

അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ ആശ്രിതർക്കുള്ള ധനസഹായം—നിലവിലുള്ള ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ പൊളിറ്റിക്കൽ വകുപ്പ്

സ.ഉ.(എംഎസ്.) നമ്പർ 365/2012/പൊ.ഭ.വ. *തിരുവനന്തപുരം, 12-12-2012.*

സൂചന:—13-ാം കേരള നിയമസഭ—വിഷയ നിർണ്ണയ സമിതി XIII—(സാമൂഹ്യ സേവനം) 2012-13-ലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്—64-ാം ശുപാർശ.

**ഉത്തരവ്**

സംസ്ഥാനത്ത് അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ ആശ്രിതർക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായം ഏകീകരിക്കണമെന്ന് മുകളിൽ പരാമർശിച്ച റിപ്പോർട്ടിൽ 13-ാം കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. 500 രൂപ, 1,000 രൂപ എന്നീ വ്യത്യസ്ത തുകകളാണ് ഇത്തരത്തിൽ ധനസഹായമായി നൽകിവന്നിരുന്നത്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അകാല ചരമം പ്രാപിച്ച മന്ത്രിമാരുടെ ആശ്രിതർക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായം 2,500 രൂപ (രണ്ടായിരത്തി അഞ്ഞൂറുരൂപാ മാത്രം)യായി വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി. പി. വിജയകുമാർ,
*അഡീഷണൽ സെക്രട്ടറി &*
*സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ.*

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
പൊതുഭരണ (എസ്.സി.) വകുപ്പ്
ഡയറക്ടർ പബ്ലിക് റിലേഷൻസ് വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

## അനുബന്ധം II

## 2012 ഏപ്രിൽ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII 2012, ഏപ്രിൽ 12-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ.പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി.കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
3. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
5. ശ്രീ. കെ. രാധാകൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ.. മേരിഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എസ്. സുബ്ബയ്യ, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
2. ശ്രീ. എം. എ. ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ശ്രീമതി കെ. കൃഷ്ണകുമാരി, അഡീഷണൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
4. ശ്രീമതി ആനിയമ്മ ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീമതി സി.എ. ലത, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
6. ശ്രീ. വി. ആർ. ജോഷി, ഡയറക്ടർ, ബാക്ക്വേർഡ് കമ്മ്യൂണിറ്റീസ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്.
7. ശ്രീമതി എസ്. ലളിതാംബിക, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.

8. ഡോ. എസ്. ബിന്ദു, ഡയറക്ടർ, കിർത്താഡ്സ്

9. ശ്രീ. ഋഷികേശൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.

10. ശ്രീ. അബ്ദുൾ വാഹിദ്, രജിസ്ട്രാർ, എസ്.സി./എസ്.ടി. കമ്മീഷൻ

11. ശ്രീമതി സൂസി ഈപ്പൻ, രജിസ്ട്രാർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്വേർഡ് ക്ലാസസ്.

12. ശ്രീ. വി. രാജേന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ്സ് ലിമിറ്റഡ്.

സമിതി, 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന നമ്പർ XXV പരിഗണനയ്ക്കെടുത്തു. ഇതിലേക്കായി വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## പട്ടികജാതി വികസന വകുപ്പ്

2225-01-277-99—മെട്രിക്കുലേഷന് മുൻപുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും

പ്രീ മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന്റെ 50% തുക ഒറ്റത്തവണ ധനസഹായമായി നൽകുക, ഏറ്റവും പിന്നോക്ക ജാതിയിൽപ്പെട്ട പട്ടികജാതി കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകുക, സ്വകാര്യ തൊഴിലധിഷ്ഠിത സ്ഥാപനങ്ങളിലും നോൺ എഞ്ചിനീയറിംഗ് ട്രേഡുകളായ തയ്യൽ, എംബ്രോയിഡറി, കെ. ജി. റ്റി. ഇ എന്നീ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുക എസ്. എസ്. എൽ. സി. പരീക്ഷയിൽ 'ഡി', 'ഇ' ഗ്രേഡ് നേടി പരാജയപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-01-282-97—ആരോഗ്യ സർവ്വീസ് പദ്ധതി

പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സ്വകാര്യ ഡോക്ടർമാരെ വളരെയധികം ആശ്രയിക്കുന്നത് ഒഴിവാക്കാൻ വേണ്ടി അത്തരം സ്ഥലങ്ങളിൽ ജനറൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ സേവനം ലഭ്യമാക്കുക, സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളുമായി യോജിച്ച് എല്ലാ പട്ടികജാതി വിഭാഗങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുകയും ഗുരുതര രോഗം ബാധിച്ച പട്ടികജാതി വിഭാഗങ്ങൽക്ക് ചികിത്സാധന സഹായം നൽകുന്നതിന് ലക്ഷ്യമിടുന്ന ആരോഗ്യ ഇൻഷ്വറൻസ് പരിപാടിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-01-800-86—1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കേണ്ടത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, പട്ടികജാതിക്കാർക്കെതിരെ തൊട്ടുകൂടായ്മ ആചരിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ ഉയർത്തിക്കാട്ടുന്ന ഡോക്യുമെന്ററികൾ നിർമ്മിക്കുക, മിശ്രവിവാഹിതരായ ദാരിദ്രരേഖയ്ക്ക് താഴെയുള്ള ദമ്പതിമാർക്ക് വരുമാനദായകമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക, പട്ടികജാതിയിലും ഇതര വിഭാഗങ്ങളിലുമുള്ള സാമൂഹ്യ പ്രവർത്തകർക്ക് ക്യാഷ് അവാർഡ് നൽകുക, പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഈ പദ്ധതി ലക്ഷ്യമിടുന്നു.

പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം 20,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ ഈ ഇനത്തിൽ 2225-01-800—80 ശീർഷകത്തിൽ 1,719.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ 2225-01-800-86 ശീർഷകത്തിൽ പി. സി. ആർ. ആക്ട് ഉൾപ്പെടെ 20 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. വിവാഹധനസഹായം വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിലും, പി. സി. ആർ. ആക്ട് പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരുക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-01-800-18—സ്ഥാപനങ്ങൾക്കുള്ള സഹായം

CREST, SC/ST സൊസൈറ്റികൾ, സ്വയംസഹായ സംഘങ്ങൾ, സൈബർശ്രീ തുടങ്ങിയ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4225-01-800-89—ഭൂമിയും കെട്ടിടങ്ങളും

വ്യവസായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും ഹോസ്റ്റലുകൾക്കും സ്ഥലവും കെട്ടിടവും നിലവിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പുനരുദ്ധാരണം, നിലവിലുള്ള ഐ. റ്റി. ഐ.-കളുടെ അറ്റകുറ്റപ്പണികൾ, പി. ഇ. റ്റി. സി.-കളുടെ കെട്ടിടനിർമ്മാണവും അറ്റകുറ്റപ്പണികളും, അയ്യൻകാളി ഭവന് അധിക സൗകര്യമൊരുക്കൽ, ഡോ. അംബേദ്ക്കർ ഭവന് അധിക സൗകര്യമൊരുക്കൽ തുടങ്ങി നിരവധി പുനരുദ്ധാരണ/അറ്റകുറ്റപ്പണികൾ ലക്ഷ്യമിടുന്നതിനാൽ മേൽപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പദ്ധതിയിതര ഇനത്തിലേക്ക് മാറ്റണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-03-277-92—ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)

സംസ്ഥാനത്ത് 2011-12 അദ്ധ്യയന വർഷം മുതൽ ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കുന്നതിന് വിവരശേഖരണം നടത്തിയപ്പോൾ അർഹരായ 915648 കുട്ടികൾ ഉള്ളതായും ഇവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 77,88,48,900 രൂപ ആവശ്യമായി വന്നതായും സമിതി മനസിലാക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ സ്കീം നടപ്പിലാക്കുന്നതിനായി അത്രയുംതുക തന്നെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-03-800-84—മൾട്ടിസെക്റ്ററൽ ഡെവലപ്മെന്റ് പദ്ധതിക്കുള്ള വികസന പദ്ധതി

രാജ്യത്തെ ഐ. ഐ. എം. പോലുള്ള സ്ഥാപനങ്ങളിലും വിദേശ സർവ്വകലാശാലകളിലും വളരെയധികം തൊഴിൽ സാദ്ധ്യതകളുണ്ടെങ്കിലും അത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെകുറിച്ച് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് വേണ്ടത്ര അറിവില്ലാ എന്ന് സമിതി നിരീക്ഷിക്കുന്നു. അത്തരം കുട്ടികളെ ഏറ്റവും ഉയർന്ന പ്രൊഫഷണൽ മേഖലകളിലേക്ക് കൊണ്ടുവരുന്നതിനായി കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിനും എല്ലാ ട്രേഡുകളിലും ട്രെയിനിംഗ് നൽകുന്നതിനുമായി സംസ്ഥാനത്തിന്റെ തെക്ക്, വടക്ക്, മദ്ധ്യമേഖലകളിലായി ഓരോ എംപ്ലോയ്മെന്റ് ബെയ്സ്ഡ് മൾട്ടി പർപ്പസ് ട്രെയിനിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൂടാതെ കഴിവ് കുറഞ്ഞ കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിനും അവർക്ക് ട്രെയിനിംഗ് നൽകുന്നതിനുമായി സ്വകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിക്കായി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**അഡ്വക്കേറ്റ് ഗ്രാന്റ്സ്**

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ, 'സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പിന്നോക്ക സമുദായങ്ങളിൽപ്പെട്ട അഭിഭാഷക ബിരുദധാരികൾക്ക് പ്രാക്ടീസിന്റെ ആരംഭത്തിൽ 7,500 രൂപ ഗ്രാന്റായി അനുവദിക്കുന്നതാണെന്നും ഇതിനായി ഈ വർഷം അർഹരായ 500 അഭിഭാഷകർക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി 37.50 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതായി' പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ ന്യൂസർവ്വീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തുക പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-80-800-96—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ 31—സഹായധനം

2007-ലെ കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട കേരള പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ

വിലയിരുത്തുക, അവകാശ സംരക്ഷണ വ്യവസ്ഥകൾ നിഷേധിച്ചതിനെപ്പറ്റി എടുത്തു പറയുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുക, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ങ്ങൾക്കെതിരായ അതിക്രമങ്ങൾ അന്വേഷിക്കുകയും നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നു.

2012 ജനുവരി 4-ന് നിലവിൽവന്ന പുതിയ കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും കമ്മീഷനിൽ തുടങ്ങിവച്ച കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കു ന്നതിന് സി-ഡിറ്റിന് 24 ലക്ഷത്തോളം രൂപ കുടിശ്ശിക നൽകാനുള്ള സാഹചര്യത്തിലും ഈ ശീർഷകത്തിൽ 1.2710 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4225-03-190-99—പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ, പട്ടികജാതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യപ്പെട്ടവർ എന്നീ വിഭാഗങ്ങളുടെ സാമൂഹികം, വിദ്യാഭ്യാസപരം, സാംസ്കാരികം, സാമ്പത്തികം മറ്റ് ജീവിത സാഹചര്യങ്ങൾ എന്നിവയുടെ ഉന്നമനം ലക്ഷ്യമാക്കി 1956-ലെ കമ്പനി ആക്ട് പ്രകാരം, 1980-ൽ രൂപീകൃതമായി പ്രവർത്തനം ആരംഭിച്ച സ്ഥാപനമായ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാ എന്ന് സമിതി മനസിലാക്കുന്നു.

കോർപ്പറേഷന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനും സർക്കാർ അനുമതിക്ക് വിധേയമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 937.50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-03-800-99—പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി കമ്മീഷനായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിൽ ചെയർമാൻ, മെമ്പർമാർ, ഓഫീസർമാർ, സ്റ്റാഫ് എന്നിവരുടെ ശമ്പളയിനത്തിൽ 1.61 കോടി രൂപ ആവശ്യമായി വരുന്നതിനാലും കമ്മീഷന്റെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം, ചെയർമാനും അംഗങ്ങൾക്കുമായി ഔദ്യോഗിക വാഹനം വാങ്ങൽ, ഓഫീസ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാലും ശമ്പളം ഇനത്തിൽ 33 ലക്ഷം രൂപയും മൂലധന ആസ്തികളുടെ രൂപീകരണത്തിനായി 8.72 ലക്ഷം രൂപയും ഉൾപ്പെടെ 41.72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### പൊതുശുപാർശ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികളെ/സ്കീമുകളെക്കുറിച്ച് ഭൂരിഭാഗംപേർക്കും യാതൊരു അറിവുമില്ലാ എന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ അവർക്കായി നടപ്പാക്കുന്ന ഓരോ സ്കീമിന്റെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബ്രോഷറുകളും പാംഫ്ലെറ്റുകളും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളെക്കുറിച്ച് അവർക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-102-95—വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം

സംസ്ഥാനത്ത് 73500 പട്ടികവർഗ്ഗക്കാർ വനത്തിനുള്ളിൽ 671 സങ്കേതങ്ങളിൽ 18560 കുടുംബങ്ങളിലായി അധിവസിക്കുന്നുണ്ട്. ഇവർക്ക് തൊഴിൽനൽകി സ്ഥിരവരുമാനം ഉണ്ടാക്കിക്കൊടുക്കുക, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക, ആരോഗ്യ-വിദ്യാഭ്യാസ പരിരക്ഷ ഉറപ്പാക്കുക തുടങ്ങിയവയ്ക്കായി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കുട്ടമ്പുഴ പഞ്ചായത്തിലെ വാര്യക്കുടിയിൽ നിന്നും കുടിയിറക്കപ്പെട്ട ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനും അഗസ്ത്യമുടി മുതൽ കാസർകോട് വരെ വനത്തിനുള്ളിലുള്ള നൂറുകണക്കിനു കോളനികളെ വനാതിർത്തിയോട് ചേർന്ന് പുനരധിവസിപ്പിക്കുന്നതിനും വഴി ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണെന്നും ഈ ആവശ്യത്തിലേക്കായി 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്തു.

2225-02-197-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിപാടികൾ നടപ്പിലാക്കുന്നതിനാണ് ഈ ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത്. എല്ലാ വിവരങ്ങളും ഒരിടത്തുതന്നെ ശേഖരിച്ച് പ്രോസസ്സ് ചെയ്യുന്നതിന് ഒരു ഡേറ്റാ പ്രോസസ്സിംഗ് സെന്റർ വകുപ്പിനില്ലാ എന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ വകുപ്പിന് ഒരു ഡേറ്റാ പ്രോസസ്സിംഗ് ആന്റ് വാലിഡേഷൻ സെന്റർ സ്ഥാപിക്കുന്നതിനും എല്ലാ കോളനികളിലും വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി സോഷ്യൽ കൗൺസിലേഴ്സിനെ നിയമിക്കുന്നതിനുമായി അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-97—മെട്രിക്കുലേഷനുശേഷമുള്ള സ്കോളർഷിപ്പുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി—100% കേന്ദ്ര സഹായം)

സർക്കാർ ഉത്തരവ് (കൈ.) നമ്പർ 06/2012/പജ.പവ.വിവ. തീയതി 11-1-2012 പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകൾ സർക്കാർ ഗണ്യമായി

വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ വർദ്ധിച്ച സാമ്പത്തികബാദ്ധ്യത വരുന്ന പ്രൊഫഷണൽ-സ്വാശ്രയ കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകേണ്ടതുണ്ട്. കൂടാതെ സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർഷംതോറും വർദ്ധനവുണ്ടാകുന്ന സാഹചര്യംകൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-88—ട്യൂട്ടോറിയലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ്

വിജയശതമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിനുള്ള ഫീസ് രക്ഷിതാക്കൾക്ക് നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം, എസ്.എസ്.എൽ.സി, +2, ഡിഗ്രി പരാജിതരായവർക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം ഗിരിവികാസ്, ഗുരുകുലം പ്രോജക്ടുകളുടെ നടത്തിപ്പ്, എസ്.എസ്.എൽ.സി, +2 പരീക്ഷയ്ക്കു മുമ്പുള്ള റസിഡൻഷ്യൽ ക്യാമ്പ്, പ്രീമെട്രിക് ഹോസ്റ്റലുകളിലെ പാർട്ട് ടൈം ട്യൂട്ടർമാരുടെ ഹോണറേറിയം മുതലായവയും നൽകിവരുന്നു. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-55—മോഡൽ റസിഡൻഷ്യൻ സ്കൂൾ, സി.ബി.എസ്.ഇ. പാറ്റേൺ, ഞാറനീലി, നെടുമങ്ങാട്

ഡോ. അംബേദ്ക്കർ സ്മാരക സി.ബി.എസ്.ഇ. സ്കൂളിൽ 2012-13 അദ്ധ്യയന വർഷം 10-ാം ക്ലാസ് ആരംഭിക്കുന്നതിനാൽ വിദ്യാർത്ഥികളുടെ എണ്ണം നിലവിലുള്ള 360-ൽ നിന്നും 400 ആയി വർദ്ധിക്കുന്നതിനാലും 21-5-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 53/11/പജ.പവ.വിവ. പ്രകാരമുള്ള അധികബാദ്ധ്യത വഹിക്കുന്ന തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-49—അശ്രാമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 അശ്രാമം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ പഠിക്കുന്ന 4650 കുട്ടികളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ ഭക്ഷണച്ചെലവ് 1,300 രൂപയായും, പ്ലസ് 1, പ്ലസ് 2 ക്ലാസുകളി ലേക്ക് 1,500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ വാണിനഗറിൽ ഈ അദ്ധ്യയനവർഷം (2012-13) പ്രവർത്തനം

ആരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കുമായി ഫണ്ട് ന്യൂസർവ്വീസ് പ്രൊസീഡ്യൂർ പ്രകാരം ഉൾപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-282-97—ഗിരിവർഗ്ഗക്കാരിൽ കാണുന്ന പ്രത്യേകതരം രോഗങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള ആരോഗ്യപദ്ധതി

ഇടുക്കി, അട്ടപ്പാടി എന്നീ ഹെൽത്ത് പ്രോജക്ടുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നാല് ഒ.പി. ക്ലിനിക്കുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ വേതനം ഇരട്ടിയിലധികം വർദ്ധിപ്പിച്ചിട്ടുള്ളതിനാലും, ഇടുക്കി ജില്ലയിലെയും അട്ടപ്പാടിയിലെയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഭൂമിശാസ്ത്രപരമായ ദുർഘടസ്ഥിതിയും ആരോഗ്യ പരിചരണ സൗകര്യത്തിന്റെ അപ്രാപ്യതയും കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-282-94—ക്ഷയം, കുഷ്ഠം, വിളർച്ച തുടങ്ങിയ അസുഖങ്ങൾ ബാധിച്ച പട്ടിക വർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും

പട്ടികവർഗ്ഗസങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചികിത്സയ്ക്കുള്ള ധനസഹായം നൽകുക, രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക, അവർക്ക് പോഷകാഹാരങ്ങളും ആവശ്യമായ മരുന്നും നൽകുക, രോഗം ഭേദപ്പെട്ടവരെ പുനരധിവസിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന പരമാവധി ധനസഹായം 25,000 രൂപയിൽ നിന്നും 40,000 രൂപയായും, ഡയറക്ടറുടെ അധികാരം ഉപയോഗിച്ചുനൽകുന്ന പരമാവധി ധനസഹായം 9,999 രൂപയിൽ നിന്ന് 20,000 രൂപയായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ ധനപരിധി 1,000 രൂപയിൽ നിന്നും 2,500 രൂപയായും, ഉയർത്തുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-283-98—ഭവന നിർമ്മാണം

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. സർക്കാർ പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണത്തിനുള്ള തുക 1,25,000 രൂപയിൽ നിന്നും 2,50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2011-12 വർഷം അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിന് വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകേണ്ടതിനാലും, സമ്പൂർണ്ണ ഭവനനിർമ്മാണ പരിപാടി സർക്കാരിന്റെ പ്രഖ്യാപിത നയമായിരിക്കെ 2012-13 സാമ്പത്തിക

വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 800 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു മായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷ കത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-794-98—പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം

പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തികോന്നമന പരിപാടികളാണ് ഈ പദ്ധതിയനുസരിച്ച് നടപ്പിലാക്കുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 92 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-800-86—വിവരവും വിദ്യാഭ്യാസവും വിനിമയവും

പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പരിപാടികൾ നാടൻ കലോത്സവങ്ങൾ, മദ്യവിരുദ്ധ പ്രചാരണം, ഡോക്യുമെന്റേഷൻ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനവസ്തുക്കൾ മുതലായവ നൽകൽ, കൗൺസിലർമാർക്കുള്ള ഹോണറേറിയം, ഐ.ടി.ഐ/ ഐ.ടി.സി. പാസായ കുട്ടികൾക്കുള്ള അപ്രന്റീസ് പരിശീലനം, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ സംസ്ഥാന വാർഷികം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പട്ടികവർഗ്ഗ വികസന വകുപ്പും യുവജനക്ഷേമ വകുപ്പും സംയുക്തമായി 2012 ഏപ്രിൽ മാസത്തിൽ വയനാട്ടിലെ മാനന്തവാടിയിൽ സംഘടിപ്പിക്കുന്ന ട്രൈബൽ ഫെസ്റ്റിന്റെ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത ചെലവ് ബഡ്ജറ്റ് സമർപ്പിച്ചപ്പോൾ വിഭാവനം ചെയ്തിട്ടില്ലായിരുന്നു. ഇതിനായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ആവശ്യത്തിലേക്കായി 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-800-64—ഗിരിവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പൂൾഡ് ഫണ്ട്

പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരമുള്ള പരിപാടികളിൽ നിലനിൽക്കുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടി പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് സ്വയംതൊഴിൽ, വൈദഗ്ദ്ധ്യ വികസനം, ശുദ്ധജല വിതരണം, ശുചിത്വം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ വിനിമയ സൗകര്യം വർദ്ധിപ്പിക്കുക, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയുടെ കുറവ് പരിഹരിക്കൽ, എന്നിവയ്ക്കുതകുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-800-51—സാമൂഹ്യ പ്രവർത്തകർ

പട്ടകവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തുകളിൽ വികസന ത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും മറ്റു വകുപ്പുകളും നടപ്പിലാ

ക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1000 പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിക്കുവാൻ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. ഇവർക്ക് പ്രതിമാസം 2,500 രൂപാ വീതം ഓണറേറിയം നൽകി വന്നിരുന്നത് 4,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-800-20—ഏറ്റവും പിന്നോക്കമായ വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയുടെ അടങ്കൽത്തുക അധികരിച്ചതിനനുസൃതമായി പട്ടികവർഗ്ഗ ഉപദ്ധതിയിൽ വന്ന വർദ്ധനവിന് ലഭിച്ച ഒറ്റതവണയായുള്ള അധിക കേന്ദ്രസഹായമായി 420 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ അവശേഷിച്ച 419.58 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിനായി 419.58 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**നോൺ പ്ലാൻ**

2225-02-277-99—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ

10-ാം സ്റ്റാൻഡേർഡ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങൾ ഈ പദ്ധതിപ്രകാരം നൽകിവരുന്നു. സർക്കാർ ഉത്തരവ് (കൈ.) നമ്പർ 06/2012/പജ.പവ.വിവ. തീയതി 11-1-2012 പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകളിൽ 100% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-98—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷനുശേഷമുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ബോർഡിംഗ് എന്നിവയ്ക്കുള്ള ചെലവ് ഈ ശീർഷകത്തിൽനിന്നും വഹിക്കുന്നു. ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും വിവിധ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നല്കിവരുന്നത്. കേരളത്തിൽ പോസ്റ്റ് മെട്രിക് പഠനത്തിന്, പഠനം നടത്തുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വാർഷിക വരുമാനം കണക്കിലെടുക്കാതെ തന്നെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന പ്രൊഫഷണൽ-സ്വാശ്രയ കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് ഇ-ഗ്രാന്റ് വഴി ആനുകൂല്യം നൽകുന്നതിന് തുക തികയാതെ വരുന്നുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകളിൽ 2012 മുതൽ (മുൻവർഷത്തേക്കാൾ) നൂറ് ശതമാനം കണ്ട് വർദ്ധനവ് വരുത്തിയ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-95—ബോർഡിംഗിനുള്ള ധനസഹായം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ ബോർഡിംഗ് ഗ്രാന്റ്, യൂണിഫോം അലവൻസ് മുതലായവ 7-2-2012-ാം തീയതിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 247/12/പജ.പവ.വിവ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളുടെ നടത്തിപ്പിന് നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

06—വാടക, കരം, നികുതി

പട്ടികവർഗ്ഗ വികസന വകുപ്പിലെ സ്വകാര്യ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ വാടക നൽകുന്നതിന് വകയിരുത്തിയ 17 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

34—മറ്റു ചെലവുകൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസനവകുപ്പ് നടത്തുന്ന 110 പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ ഭക്ഷണം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, വസ്ത്രം, മറ്റുചെലവുകൾ എന്നിവയ്ക്കായാണ് ഈ ശീർഷകത്തിൽനിന്നും തുക ചെലവഴിക്കുന്നത്. 13-5-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 55/10/പജ.പവ.വിവ. പ്രകാരം പ്രീമെട്രിക് ഹോസ്റ്റൽ അന്തേവാസികളുടെ മെസ് ചാർജ് ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചതിനാൽ ഉണ്ടാകുന്ന അധിക ചെലവിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച താഴെപ്പറയുന്ന പുതിയ പദ്ധതികൾക്കായി പ്രത്യേക ശീർഷകം അനുവദിക്കേണ്ടതും തുക വകയിരുത്തേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്തു.

വയനാട്ടിലെ ആദിവാസികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 1,000 രൂപ വീതം ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതിനാൽ 2 കോടി രൂപ ഇതിനായി വകയിരുത്തേണ്ടതാണ്.

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിൽ വംശീയ വൈദ്യന്മാർ ധാരാളം ഉണ്ട്. ആദിവാസിമേഖലയിലെ വംശീയവൈദ്യത്തിന് വേണ്ടത്ര പ്രചാരണം നൽകുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അവർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി സഹായിക്കുന്നതിനുമായി വിതുര കേന്ദ്രമാക്കി ഒരു ആദിവാസി പാരമ്പര്യ വൈദ്യപഠനകേന്ദ്രം തുടങ്ങുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

തിരുവനന്തപുരത്ത് കുറ്റിച്ചൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് ആദിവാസി സംസ്കാരത്തിന് അനുയോജ്യമായ തരത്തിൽ ഒരു രാജധാനി പണിയുന്നതിന് 20 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

**പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷാപദ്ധതി**

കേന്ദ്ര സർക്കാരിൽനിന്നും അധിക കേന്ദ്രസഹായമായി 2003-04 വർഷം ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴിയും സഹകരണ മെഡിക്കൽ കോളേജുകളായ പരിയാരം, കൊച്ചി എന്നിവ വഴിയും സർക്കാർ ഉത്തരവ് (Ms.) 45/07/പജ.പവ.വിവ. തീയതി 17-8-2007 പ്രകാരം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ SPI TSB No. 14878-ൽ നിക്ഷേപിച്ചിരിക്കുന്ന പലിശയടക്കമുള്ള തുകയിൽനിന്നും പദ്ധതി നടപ്പിലാക്കിവരുന്ന 29 സർക്കാർ ആശുപത്രികൾക്ക് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ ചികിത്സയ്ക്കായി ആവശ്യമായ തുക പിൻവലിച്ച് നൽകിവരുന്നതായി സമിതി മനസിലാക്കുന്നു. 2011-12 സാമ്പത്തിക വർഷം ഈ ഇനത്തിൽ കുടിശ്ശികയായി ആശുപത്രികൾക്ക് നൽകാനുള്ള 1.64 കോടി രൂപ ഉൾപ്പെടെ നടപ്പുസാമ്പത്തിക വർഷത്തെ ചികിത്സാചെലവുകൾക്കായി 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഉച്ചയ്ക്കുശേഷം 12.15-ന് സമിതി യോഗം പിരിഞ്ഞു.

## അനുബന്ധം III

## 2012 ഏപ്രിൽ 18-ാം തീയതിയിലെ സമിതിയുടെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2012, ഏപ്രിൽ 18-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനായ പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
4. ശ്രീ. കെ. രാധാകൃഷ്ണൻ, എം.എൽ.എ.
5. ശ്രീമതി കെ. എസ്. സലീഖ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജെ. മേരിഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്.
2. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനികക്ഷേമ ഡയറക്ടറേറ്റ്.
3. ശ്രീമതി ഡി. വിജയകുമാരി, ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്.
4. ഡോ. എൻ. അഹമ്മദ് പിള്ള, കമ്മീഷണർ, സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ്.
5. ശ്രീ. റ്റി. പി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്.
6. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്.
7. ശ്രീ. ഗോവിന്ദൻ നമ്പൂതിരി, വി.എസ്., അഡീഷണൽ സെക്രട്ടറി, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ്.
8. ശ്രീ. പി. റ്റി. എം. സുനീഷ്, മനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

9. ശ്രീ. സാമുവൽ എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്.

10. ശ്രീമതി ഇ. അംബിക അമ്മ, മെമ്പർ സെക്രട്ടറി, സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ.

11. ശ്രീമതി പി. എസ്. ജയന്തൽ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

12. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

സമിതി, 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI പരിഗണിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് വകുപ്പിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-102-98—ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃതസേവനം (90% കേന്ദ്ര സഹായം)

ആറ് വയസിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് പരിപാടിയാണ് 'സംയോജിത ശിശുവികസന സേവനങ്ങൾ.' അംഗൻവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി പൂരകപോഷകാഹാരം, പ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യപരിശോധന, റഫറൽ സർവ്വീസുകൾ, ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസം, പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നീ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ ഭരണപരമായ ചെലവുകൾ, ഔഷധക്കിറ്റിന്റെ ചെലവ്, അംഗൻവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീ-സ്കൂൾ വിദ്യാഭ്യാസക്കിറ്റ്, ഐ. ഇ. സി. പ്രവർത്തനങ്ങൾ, അംഗൻവാടി ആകസ്മിക ചെലവുകൾ എന്നിവ ഉൾപ്പെടുന്നു. മേൽ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 102 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-102-61—സമഗ്ര ശിശു സംരക്ഷണ പദ്ധതി

ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സമഗ്രശിശു സംരക്ഷണ പദ്ധതി' പ്രകാരം കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശാനുസരണമുള്ള ചെലവുകൾ മാത്രമേ ഈ ശീർഷകത്തിൽനിന്നും വഹിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ കേന്ദ്രസർക്കാർ നിർദ്ദേശങ്ങളിൽ ഇല്ലാത്തതും അതേസമയം അന്തേവാസികളായ കുട്ടികളുടെ പൂർണ്ണ വികസനം ലക്ഷ്യമാക്കിയുള്ളതുമായ നിരവധി തുടർപരിപാടികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നതായി സമിതി മനസിലാക്കുന്നു. കുട്ടികളുടെ തുടർവിദ്യാഭ്യാസം, മാനസിക വികസനം എന്നിവ ലക്ഷ്യമാക്കിയുള്ള റിക്രിയേഷൻ പരിപാടികൾ, വിവിധ ബോധവർക്കരണ പരിപാടികൾ എന്നിവ ലക്ഷ്യമിടുന്ന ഈ ശീർഷകത്തിൽ സംസ്ഥാന സർക്കാർ അധികമായി നടപ്പിലാക്കുന്ന പരിപാടികൾക്കായി 10 ലക്ഷം രൂപ പ്രത്യേക സ്റ്റേറ്റ് പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-102-56—അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ—ഒരു ജീവിതചക്ര സമീപനം

സമൂഹത്തിന്റെ സ്വാഭാവിക മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവികസനം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെ സേവനം, വിഭവങ്ങൾ, പശ്ചാത്തല സൗകര്യം, മനുഷ്യവിഭവശേഷി എന്നിവയെ സമന്വയിപ്പിച്ച് മാതൃകാ അംഗൻവാടികളാക്കി ഘട്ടംഘട്ടമായി സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള അംഗൻവാടി കെട്ടിടനിർമ്മാണമാണ് ലക്ഷ്യമിടുന്നത്. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-102-55—അംഗൻവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലം വർദ്ധിപ്പിക്കൽ

സംസ്ഥാനത്തെ 33115 അംഗൻവാടികളിലെ അംഗൻവാടി വർക്കർമാർ/ഹെൽപ്പർമാർ എന്നിവർക്ക് സംസ്ഥാന വിഹിതമായി അനുവദിച്ച 1,000 രൂപ അഡീഷണൽ ഹോണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നിവ അനുവദിക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 84 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-88—ജെന്റർ അഡ്വൈസറി ബോർഡ്

സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനും ജെന്റർ അഡ്വൈസർ മെമ്പർ കൺവീനറും ആയി 15 അംഗങ്ങളോടുകൂടിയ ഒരു ജെന്റർ അഡ്വൈസറി കമ്മിറ്റി സംസ്ഥാനത്ത് രൂപീകൃതമായിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിനും നിർഭയ പോളിസി സെല്ലിന്റെ ചെലവുകൾ വഹിക്കുന്നതിനും, സാമൂഹ്യക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിൽ രൂപീകരിക്കുന്ന ജെന്റർ സെല്ലിന്റെ പ്രവർത്തനങ്ങൾക്കും നിർഭയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച 1.30 കോടി രൂപ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-001-80—ജെന്റർ പാർക്ക്

വിവിധ വികസന മേഖലകളിൽ സ്ത്രീകളുടെ സൃഷ്ടിപരവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ നേതൃസ്ഥാനത്തേയ്ക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള ഒരു ഏജൻസിയായി വിഭാവനം ചെയ്തിട്ടുള്ള 'തന്റേടം ജന്റർ പാർക്ക്' കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-800-98—മിശ്രവിവാഹങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുന്നതിന് ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. 9-9-2010 മുതൽ മിശ്രവിവാഹ ധനസഹായ തുക 5,000 രൂപയിൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിൽ മിശ്രവിവാഹ ധനസഹായ തുക ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ലാന്റ് റവന്യൂ കമ്മീഷണറേറ്റ്

2235-02-101-92—അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതി

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതിയിൽ 3-12-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 60/2011/സാ.ക്ഷേ.വ. പ്രകാരം 1-4-2011 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ തുക 300 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 80%-ൽ കൂടുതലോ ഒന്നിലധികമോ അംഗവൈകല്യമുള്ള വികലാംഗർക്കുള്ള പെൻഷൻ 400 രൂപയിൽ നിന്നും 700 രൂപയായും മറ്റുള്ളവരുടെ വികലാംഗപെൻഷൻ 400 രൂപയിൽ നിന്നും 525 രൂപയായി വർദ്ധിപ്പിക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46,40,27,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-96—വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള ഈ പദ്ധതി പ്രകാരമുള്ള ധനസഹായ തുക 4-9-2008-ലെ സ.ഉ. (എംഎസ്.) നമ്പർ 50/08/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം 5,000 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചിരുന്നു. 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ധനസഹായം 10,000 രൂപയിൽ നിന്നും 20,000 രൂപയായി ഉയർത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11,16,60,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-102-99—അഗതികൾക്കുള്ള പെൻഷൻ

അഗതികളായ വിധവകൾക്കുള്ള പ്രതിമാസ പെൻഷൻ, 13-12-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 60/11/സാ.ക്ഷേ.വ. പ്രകാരം 1-4-2011 മുതൽ മുൻകാല പ്രാബല്യത്തോടെ 300 രൂപയിൽ നിന്നും 400 രൂപയായും 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ 525 രൂപയായി ഉയർത്തുന്നതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 121,19,17,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-102-97—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

പ്രായംചെന്ന അഗതികൾക്കുള്ള പെൻഷൻ കേന്ദ്രസർക്കാരിന്റെ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 13-12-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 60/11/സാ.ക്ഷേ.വ. പ്രകാരം 1-4-2011 മുതൽ മുൻകാല പ്രാബല്യത്തോടെ 300 രൂപയിൽ നിന്നും 400 രൂപയായി ഉയർത്തിയിട്ടുണ്ട്. ടി പെൻഷൻ തുക 525 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുള്ള സാഹചര്യത്തിൽ കുടിശ്ശികയില്ലാതെ 3/2013 വരെ പെൻഷൻ വിതരണം ചെയ്യുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 64,55,41,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-102-96—സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

മറ്റ് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 400 രൂപയിൽ നിന്നും 525 രൂപയായി ഉയർത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 50791 ഗുണഭോക്താക്കൾക്ക് 3/2013 വരെ കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 9,08,93,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-190-98—കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

നിർദ്ധനരായ വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി വാങ്ങി നൽകുന്ന പദ്ധതി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ടി പദ്ധതിയിൻകീഴിൽ ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും വികലാംഗർക്ക് വീൽചെയർ, മൂന്ന് വീൽ സൈക്കിളുകൾ, കൃത്രിമ കാലുകൾ, ശ്രവണ സഹായികൾ തുടങ്ങിയ സാമഗ്രികൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി തുടർന്നും നടത്തുന്നതിനുമായി ഓരോ ജില്ലയ്ക്കും 10 ലക്ഷം രൂപ നിരക്കിൽ 14 ജില്ലകളിലേക്കുമായി 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൂടാതെ വികലാംഗർക്ക് സ്വയം തൊഴിലിനായി ലോട്ടറി ഏജന്റുമാർക്ക് ടിക്കറ്റ് വിൽക്കുന്നതിനുള്ള ധനസഹായമായി 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-89—വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂളുകൾക്കായുള്ള സുപ്രധാന പരിപാടി

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ ആരംഭിച്ച 2 ഫിനിഷിംഗ് സ്കൂളുകളുടെ നടത്തിപ്പിനും എറണാകുളം ജില്ലയിൽ പുതിയൊരു സ്കൂൾ ആരംഭിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരി

ക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-90-02—സ്ത്രീശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി— കേരള വനിതാ വികസന കോർപ്പറേഷൻ

ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സിൽ നാല് വ്യത്യസ്ത ഘടകങ്ങൾ ഉൾക്കൊള്ളുന്നു. വിമൻ സെൽ ഇൻ വിമൻസ് കോളേജ്, 24/7 വിമൻ ഇൻഫർമേഷൻ സെന്റർ, വീഡിയോ പ്രോഗ്രാം ഇൻ വിമൻസ് കോളേജ്, ജെന്റർ ബഡ്ജറ്റിംഗ് തുടങ്ങിയ ഘടകങ്ങളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൂടാതെ 2011-2012 സാമ്പത്തിക വർഷം മുതൽ 150 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ 23 ഇ-ടോയ്ലെറ്റുകൾ സ്ഥാപിച്ച് വരുന്നുണ്ട്. സ്ത്രീകൾക്ക് മാത്രമായി സംസ്ഥാനത്തുടനീളം ഇ-ടോയ്ലെറ്റുകൾ (ഷീ-ടോയ്ലെറ്റ്) സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-95—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ കേരള വനിതാ കമ്മീഷൻ 4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

കമ്മീഷൻ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ 50,000 രൂപ അധികമായി വേണ്ടിവന്ന സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ട്രഷറി വകുപ്പ്

2235-60-107-99—സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ

സംസ്ഥാന സർക്കാർ നൽകിവരുന്ന സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ പദ്ധതിയിൻകീഴിൽ 6449 ഗുണഭോക്താക്കളാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് 2012-13 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക കൂടാതെ പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-89—അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം

അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്കുള്ള സഹായമായി സർക്കാർ നൽകിവരുന്ന തുക ഏകീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**നിഷ്**

2235-02-101-85—ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്

നിഷിൽ പഠനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന ബധിരരും മൂകരുമായ കുട്ടികൾക്ക്, ഇൻസ്റ്റിറ്റ്യൂട്ടിന്റേതായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ബധിരരും മൂകരുമായ കുട്ടികൾ പുറത്ത് പേയിംഗ് ഗസ്റ്റായും വാടക വീടുകളിലും താമസിക്കുന്നത് സുരക്ഷിതമല്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2-5-2012-ന് കൂടുന്നതിന് തീരുമാനിച്ച് ഉച്ചയ്ക്ക് ശേഷം 1.05-ന് സമിതി യോഗം പിരിഞ്ഞു.

## അനുബന്ധം IV

## 2012 മേയ് 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2012 മേയ് മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. താഴെപ്പറയുന്ന സമിതി അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.
2. ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ.
3. ശ്രീ. റ്റി. യു. കുരുവിള, എം. എൽ. എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.
5. ശ്രീ. കെ. രാധാകൃഷ്ണൻ, എം. എൽ. എ.
6. ശ്രീ. ആർ. രാജേഷ്, എം. എൽ. എ.
7. ശ്രീമതി കെ. എസ്. സലീഖ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

സമിതി 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ 8-ാം ഖണ്ഡികയിലെ നാലാംവരിയിൽ 'കുട്ടികൾക്ക്' എന്ന വാക്കിനുശേഷം "വേണ്ടത്ര" എന്ന വാക്ക് കൂടി ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

17-ാം ഖണ്ഡികയിലെ മൂന്നാമത്തെ വാക്യം, "കുട്ടമ്പുഴ പഞ്ചായത്തിലെ വാര്യക്കുടിയിൽ നിന്നും കുടിയിറക്കപ്പെട്ട ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനും......" എന്ന് തുടങ്ങുന്നതിന് തീരുമാനിച്ചു.

പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി എന്ന 42-ാം ഖണ്ഡിക സർക്കാരിൽ നിന്നും ലഭിച്ച നോട്ട് അനുസരിച്ച് താഴെപ്പറയും പ്രകാരം മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു.

**പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**

42. കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി 2003-04 വർഷം ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ജില്ലാ

ആശുപത്രികൾ, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴിയും സഹകരണ മെഡിക്കൽ കോളേജുകളായ പരിയാരം, കൊച്ചി എന്നിവ വഴിയും സർക്കാർ ഉത്തരവ് (Ms.) 45/07/പജ.പവ.വിവ. തീയതി 13-8-2007 പ്രകാരം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

43. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ SPI TSB No. 14878-ൽ ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്തിരുന്ന പലിശയടക്കമുള്ള തുകയിൽ നിന്നും പദ്ധതി നടപ്പിലാക്കി വരുന്ന 29 സർക്കാർ ആശുപത്രികൾക്ക് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ ചികിത്സ യ്ക്കായി ആവശ്യമായ തുക പിൻവലിച്ച് നൽകിവരുന്നു. ഇപ്പോൾ ടി TSB A/c-ൽ നിക്ഷേപിച്ചിരുന്ന A.C.A. പ്രകാരം ലഭ്യമായ മുഴുവൻ തുകയും വിനിയോഗിച്ചു കഴിഞ്ഞു. 2011-12 സാമ്പത്തിക വർഷം ഈ ഇനത്തിൽ കുടിശ്ശികയായി 1.64 കോടി രൂപ ഇനി ടി ആശുപത്രികൾക്ക് അനുവദിച്ച് നൽകേണ്ടതായിട്ടുണ്ട്.

44. ഈ പദ്ധതി പ്രകാരം ടി 2 സഹകരണ ആശുപത്രികളിലൂടെയും, മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലൂടെയും, ജില്ലാ ആശുപത്രികളിലൂടെയും, താലൂക്ക് ആശുപത്രികളിലൂടെയുമുള്ള പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യ ചികിത്സാ പദ്ധതി 2012-13 വർഷവും തുടർന്നുള്ള വർഷങ്ങളിലും തുടരേണ്ടതായിട്ടുണ്ട്. ഇതിനായി കുടിശ്ശിക നൽകുന്നതുൾപ്പെടെ നടപ്പ് സാമ്പത്തിക വർഷത്തെ ചികിത്സാ ചെലവുകൾക്കായി 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കരട് റിപ്പോർട്ടിലെ 45-ാം ഖണ്ഡികയിലെ അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ ഒരു ജീവിതചക്രസമീപനം എന്ന ശീർഷകത്തിൽ ശുപാർശയുടെ നാലാമത്തെ വരിയിൽ 'മനുഷ്യവിഭവശേഷി എന്നിവയെ സമന്വയിപ്പിച്ച്' എന്ന വാക്കുകൾക്ക് ശേഷം "മാതൃകാ അംഗൻവാടികളാക്കി ഘട്ടം ഘട്ടമായി................" എന്ന് മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു.

മറ്റ് ശുപാർശകൾ സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

ഉച്ചയ്ക്ക് 12 മണിക്ക് സമിതി യോഗം പിരിഞ്ഞു.

അനുബന്ധം V

## 2012 ജൂൺ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2012 ജൂൺ 26-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗമായ പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ ചിറ്റയം ഗോപകുമാർ, എം.എൽ.എ.
3. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
5. ശ്രീ. കെ. രാധാകൃഷ്ണൻ, എം.എൽ.എ.
6. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. എസ്. സുബ്ബയ്യ, പ്രിൻസിപ്പൽ സെക്രട്ടറി, എസ്.സി./എസ്.ടി. & ഒ.ബി.സി. ഡിപ്പാർട്ട്മെന്റ്.
3. ശ്രീമതി കോമളവല്ലി അമ്മ, സെക്രട്ടറി, കേരള സ്റ്റേറ്റ് വിമൻസ് കമ്മീഷൻ
4. ശ്രീ. എം. എ. ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി, എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റ്.
5. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീ. എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

7. ശ്രീമതി എം. എസ്. ജയ, ഡയറക്ടർ ഓഫ് സോഷ്യൽ വെൽഫയർ.
8. ശ്രീമതി സൂസി ഈപ്പൻ, രജിസ്ട്രാർ, കമ്മീഷൻ ഫോർ ബാക്ക്വേർഡ് ക്ലാസസ്.
9. ശ്രീ. എ. കെ. ഷാജി, മാനേജിംഗ് ഡയറക്ടർ, കെ.എസ്.എച്ച്.പി.ഡബ്ലിയു.സി.
10. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
11. ശ്രീ. ഡോൺബോസ്കോ, പി., മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഡി.സി.
12. ശ്രീ. ടി. എം. മാത്യൂകുട്ടി, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.
13. ശ്രീ. പി. ടി. എം. സുനീഷ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ.
14. ശ്രീ. സാമുവൽ എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്.

സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, ആനുവൽ പെർഫോർമൻസ് റിപ്പോർട്ട്, പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതിക്ക് മുൻപാകെ സമർപ്പിച്ച കുറിപ്പ്, 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട്, കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി എന്നിവ പരിഗണിക്കുകയുണ്ടായി.

## 2012 ജൂൺ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

I. സാമൂഹ്യക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽ നിന്നും ആനുവൽ പെർഫോർമൻസ് റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച കുറിപ്പ്

വാർഷിക ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ആനുവൽ പെർഫോർമൻസ് റിപ്പോർട്ട് അതാത് സാമ്പത്തികവർഷം അവസാനിച്ച് 4 മാസത്തിനകം സഭയിൽ സമർപ്പിക്കേണ്ടതാണെന്നിരിക്കെ 2010-11 സാമ്പത്തിക വർഷത്തെ ആനുവൽ പെർഫോർമൻസ് റിപ്പോർട്ട് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് റിപ്പോർട്ട് നൽകാൻ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആനുവൽ പെർഫോർമൻസ് റിപ്പോർട്ട് ജൂലൈ അവസാനത്തോടെ സമിതി മുൻപാകെ സമർപ്പിക്കുന്നതാണെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാർ ഉറപ്പ് നൽകി.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

**(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്**

1. 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

   [ഫയൽ നമ്പർ 600/സബ്.സി.ജി2/11/ലെജി.) ഖണ്ഡിക നമ്പർ 120.]

2. 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

   [ഫയൽ നമ്പർ 11210/സബ്.സി.ജി2/11/ലെജി.) ഖണ്ഡിക നമ്പർ 126,131.]

3. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

   [ഫയൽ നമ്പർ 11115/സബ്.സി.ജി2/11/ലെജി.) ഖണ്ഡിക നമ്പർ 154,156,157.]

### 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

[ഫയൽ നമ്പർ 4876/സബ്.സി.ജി2/11/ലെജി.) ഖണ്ഡിക നമ്പർ 6,18,19,20,21.]

**(ബി) സാമൂഹ്യക്ഷേമ വകുപ്പ്**

1. 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

   [ഫയൽ നമ്പർ 11210/സബ്.സി.ജി2/11/ലെജി.) ഖണ്ഡിക നമ്പർ 153,154,155,156.]

2. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

   [ഫയൽ നമ്പർ 4876/സബ്.സി.ജി2/11/ലെജി.) ഖണ്ഡിക നമ്പർ 49,50,57,60.]

2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 60-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ച തിനോടൊപ്പംതന്നെ ഓരോ സാമ്പത്തികവർഷവും ധനകാര്യവകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് അനുവദിച്ച തുക ചെലവഴിച്ചതിനെ സംബന്ധിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ പകുതിവരെ ചെലവായ തുക കണക്കാക്കികൊണ്ട്, ആവശ്യപ്പെടുന്ന തുക നിഷേധിക്കുന്നത് ശരിയല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. മാർച്ച് മാസമാകുമ്പോൾ ചെലവാകുന്ന തുക എത്രയാണെന്ന് ബോധ്യപ്പെടുത്തിയാൽ അധിക തുക ആവശ്യമായ പക്ഷം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

III. 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

IV. കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച്.

എസ്.സി. വകുപ്പിന്റെ കീഴിലുള്ള 38 ബാലവാടികളിൽ എലിജിബിളായിട്ടുള്ള ആയമാരെ ബൈട്രാൻസ്ഫറിലൂടെ ബാലവാടി ടീച്ചർമാരായി നിയമിക്കുന്നതിനും അതിനനുസൃതമായി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുമുള്ള സർക്കാരിന്റെ നിർദ്ദേശം താഴെപ്പറയുന്ന ഭേദഗതിയോടെ സമിതി അംഗീകരിച്ചു.

പ്രസ്തുത റൂൾസിന്റെ clause (1) Short title and commencement–ന്റെ അവസാന ഭാഗത്ത് സൂചിപ്പിച്ചിട്ടുള്ള "2011" എന്നത് "2012" എന്ന് മാറ്റുക.

വൈകുന്നേരം 4.30-ന് യോഗം പിരിഞ്ഞു.

## അനുബന്ധം VI

## 2012 ജൂലൈ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2012 ജൂലൈ 19-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5.15-ന് നിയമസഭാ കോംപ്ലക്സിലെ III-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
4. ശ്രീ. കെ. രാധാകൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു. ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡിക നമ്പർ 3-ലെ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട ശുപാർശയുടെ ഹെഡിൽ "വൃത്തിഹീനമായ തൊഴിലിൽ" എന്ന വാക്ക് വകുപ്പുമായി ചർച്ച നടത്തിയശേഷം മാറ്റം വരുത്താൻ സമിതി തീരുമാനിച്ചു.

വൈകുന്നേരം 5.45-ന് യോഗം പിരിഞ്ഞു.

അനുബന്ധം VII

## 2012 സെപ്റ്റംബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2012 സെപ്റ്റംബർ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.
4. ശ്രീമതി കെ. എസ്. സലീഖ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി അരുണ, എസ്., പ്രിൻസിപ്പൽ സെക്രട്ടറി (വുമൺ എംപവർമെന്റ്) സാമൂഹ്യക്ഷേമ വകുപ്പ്.
2. ശ്രീ. വി. എസ്. ഗോവിന്ദൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്.
3. ശ്രീമതി കെ. സി. റോസക്കുട്ടി, ചെയർപേഴ്സൺ, കേരള വനിതാ കമ്മീഷൻ.
4. ശ്രീമതി കെ. എ. തുളസി, മെമ്പർ, കേരള വനിതാ കമ്മീഷൻ
5. അഡ്വ. പി. കെ. നൂർബീനാ റഷീദ്, മെമ്പർ, കേരള വനിതാ കമ്മീഷൻ.
6. ഡോ. ജെ. പ്രമീളാ ദേവി, മെമ്പർ, കേരള വനിതാ കമ്മീഷൻ.
7. ശ്രീമതി എൻ. ബി. കോമളവല്ലിയമ്മ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ.

വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേൾക്കുന്നതിനും വേണ്ടിയാണ് ഈ യോഗം ചേർന്നിരിക്കുന്നതെന്നും വനിതാ കമ്മീഷൻ അംഗങ്ങൾക്ക് എന്തെങ്കിലും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ അത് സമിതിയെ അറിയിക്കാവുന്നതാണെന്നും യോഗനടപടികൾ ആരംഭിച്ചുകൊണ്ട് സമിതി ചെയർമാൻ അറിയിച്ചു.

വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും താഴെപ്പറയുംപ്രകാരം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി മുമ്പാകെ അവതരിപ്പിച്ചു:

2012 ഏപ്രിൽ മാസം 4-ാം തീയതിയാണ് നിലവിലുള്ള വനിതാ കമ്മീഷൻ പ്രവർത്തനമാരംഭിച്ചത്. ചെയർപേഴ്സൺ ഉൾപ്പെടെ നിലവിൽ 4 അംഗങ്ങളാണുള്ളത്. മൂന്ന് തലങ്ങളിലായാണ് വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. പരാതിയുമായി വരുന്നവരെ സഹായിക്കുന്നതിനായി ഓരോ ജില്ലതിരിച്ചും അദാലത്തുകൾ നടത്താറുണ്ട്. ഓരോ അദാലത്തിലും നിയമവിദഗ്ദ്ധരുടെയും കൗൺസിലർമാരുടെയും സേവനം തേടാറുണ്ട്. അദാലത്തുകളിൽ പങ്കെടുക്കുന്ന വിദഗ്ദ്ധർക്ക് നൽകുന്ന ഫീസ് 500 രൂപയിൽ നിന്നും 1,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഒരു മാസത്തിൽ 3 പ്രാവശ്യം മാത്രമേ ഫീസ് നൽകാനാവൂ എന്ന നിബന്ധന കൂടുതൽ പ്രാവശ്യം അവരുടെ സേവനം പ്രയോജനപ്പെടുത്തി അദാലത്തുകൾ നടത്തുന്നതിന് തടസ്സമാകുന്നു.

50 കേസുകളിൽ അധികംവരുന്ന അദാലത്തുകളെ മെഗാ അദാലത്തുകളായി കണക്കാക്കുന്നു. ഈ അദാലത്തുകൾക്ക് അനുവദിച്ചിരിക്കുന്ന 10,000 രൂപ അപര്യാപ്തമാണ്. ഇത്തരം അദാലത്തുകൾ ജില്ലാ കേന്ദ്രങ്ങളിലും കളക്ടറേറ്റുകളിലും, പഞ്ചായത്ത് കോൺഫറൻസ് ഹാളുകളിലുമാണ് നടത്തിവരുന്നത്. 14 ദിവസം മുൻപ് പരാതിക്കാർക്ക് സമൻസ് അയയ്ക്കുന്നതിനും അദാലത്തുകൾ നടത്തുന്ന വിവരം പത്രമാധ്യമങ്ങൾവഴി പരസ്യപ്പെടുത്തുന്നതിനും, അദാലത്തുകളിൽ പങ്കെടുക്കുന്ന നിയമ വിദഗ്ദ്ധരുടെയും കൗൺസിലർമാരുടെയും ഫീസ് നൽകുന്നതിനുമായി ചെലവഴിക്കാവുന്ന തുക മെഗാ അദാലത്തുകൾക്ക് 20,000 രൂപയായും മിനി അദാലത്തുകൾക്ക് 10,000 രൂപയായും ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് അയച്ചിട്ടുണ്ട്.

പ്ലസ്സ് ടു മുതൽ കോളേജുതലം വരെയുള്ള കുട്ടികൾക്കുവേണ്ടി ജെണ്ടർ എഡ്യൂക്കേഷന്റെ ഭാഗമായി 'കലാലയ' ജ്യോതി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ സെമിനാറുകൾ, ശില്പശാലകൾ, സിനിമാ പ്രദർശനങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ഉൾപ്പെടുന്നു. ആനുകാലിക പ്രാധാന്യമുള്ള ഡോക്യുമെന്ററി നിർമ്മിച്ച് വനിതാ കമ്മീഷന് ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ സഹായം കമ്മീഷൻ അംഗങ്ങൾ അഭ്യർത്ഥിച്ചു.

ജാഗ്രതാ സമിതികളുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നതായും, ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ സേവനം ലഭ്യമാക്കിക്കൊണ്ട് എല്ലാ പഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്താൽ വനിതാകമ്മീഷനിൽ എത്തുന്ന പരാതികളിൽ നല്ലൊരു ശതമാനം കുറവുണ്ടാകുന്നതാണെന്നും കമ്മീഷൻ അംഗങ്ങൾ അറിയിച്ചു. ജാഗ്രതാ സമിതികളുടെ രൂപീകരണവുമായി ബന്ധപ്പെടുത്തി 'നിർഭയ' പദ്ധതി ഏത് തരത്തിൽ ഉൾപ്പെടുത്തണം എന്നതിൽ സമിതിയുടെ ഭാഗത്തുനിന്നുമുള്ള തീരുമാനം അവർ അഭ്യർത്ഥിച്ചു.

വനിതാ കമ്മീഷന്റെ മേൽനോട്ടത്തിൽ, അദാലത്തുകളും ജാഗ്രതാ സമിതികളുടെ പ്രവർത്തനവും സംബന്ധിച്ച് ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകി ടൈംടേബിൾ വച്ച് മുന്നോട്ട് പോകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് കമ്മീഷൻ അംഗങ്ങൾ സമിതിയെ അറിയിച്ചു.

വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന ചില കാര്യങ്ങൾ സമിതിമുമ്പാകെ അംഗങ്ങൾ അവതരിപ്പിച്ചു. വാഹനങ്ങളുടെ അപര്യാപ്തത, അംഗങ്ങൾക്ക് പി.എ.-മാരുടെ അഭാവം, റീജിയണൽ ഓഫീസുകളുടെ അഭാവം എന്നിവയാണവ.

പ്രീമാര്യേജ് കൗൺസിലിംഗ്, മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണം എന്നിവകൂടി കമ്മീഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി കമ്മീഷൻ ചെയർപേഴ്സൺ സമിതിയെ അറിയിച്ചു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ഓഫീസിനായി മാസവാടക ഇനത്തിൽ 1 ലക്ഷം രൂപ നൽകുന്നതായും കമ്മീഷന് സ്വന്തമായി കെട്ടിടം ലഭിക്കുന്ന തിന് സർക്കാർതലത്തിൽ സംവിധാനമുണ്ടാകുകയാണെങ്കിൽ മാസവാടക ഇനത്തിൽ ചെലവാകുന്ന തുക സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും, ഓരോ ജില്ലയിൽ നിന്നും വരുന്ന പരാതികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അംഗങ്ങൾക്കായി ഓരോ ജില്ലകളിലും റീജിയണൽ ഓഫീസും പി.എ.-യുടെ സേവനവും ലഭിക്കുന്നതിന് അനുകൂല നടപടി ഉണ്ടാകണമെന്ന് വനിതാ കമ്മീഷൻ അംഗം അഭ്യർത്ഥിച്ചു.

1995-ൽ വനിതാ കമ്മീഷൻ ആക്ടും അതുവഴി കമ്മീഷനും നിലവിൽവന്നത് പ്രധാനമായും, സമൂഹത്തിൽ സ്ത്രീകൾക്കുള്ള പദവി ഉയർത്തുക, സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ അന്വേഷിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ്. സ്ത്രീകളുടെ പദവി ഉയർത്തുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായാണ് സെമിനാറുകളും ശില്പശാലകളും ബോധവൽക്കരണ പരിപാടികളും നടത്തുന്നത്. എന്നാൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചാണ് വനിതാ കമ്മീഷന് ധാരാളം പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ പരാതിക്കാരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് പ്രവർത്തിക്കണമെങ്കിൽ അതിനായി വളരെയധികം അധികാരങ്ങളുള്ള ഡയറക്ടറും അന്വേഷണ സംഘവും കമ്മീഷനുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

വളരെ ദൃഢമായ വ്യവസ്ഥകൾ ആക്ടിൽ ഉണ്ടെങ്കിലും കമ്മീഷന് ശുപാർശ നൽകുന്നതിനുള്ള അധികാരം മാത്രമാണുള്ളത്. കുറ്റവാളികളെ കണ്ടെത്തിയാൽ തന്നെയും ശിക്ഷ വിധിക്കുന്നതിനോ പിഴ ഈടാക്കുന്നതിനോ ഉള്ള അധികാരം പോലും കമ്മീഷനില്ല എന്നത് ഒരു വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടു.

വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരിൽ പകുതിയിലധികം പേരും കൗമാരപ്രായക്കാരാണ്. കൗമാരപ്രായക്കാരായ സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ ബോധവൽക്കരണത്തിനായി രൂപീകരിച്ച കലാലയജ്യോതി പദ്ധതിയുടെ സുഗമവും വിജയകരവുമായ നടത്തിപ്പിനായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണം അനിവാര്യമാണെന്ന് അഭിപ്രായപ്പെട്ട കമ്മീഷൻഅംഗം കലാലയജ്യോതി സംബന്ധിച്ച കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം ഡി.ഡി.ഇ. മുഖാന്തിരം എല്ലാ ജില്ലകളിലേയും സ്കൂൾ അദ്ധ്യാപകർക്ക് എത്തിച്ചുകൊടുക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണമുണ്ടാകണമെന്നഭ്യർത്ഥിച്ചു.

സ്ത്രീകളോടുള്ള അതിക്രമങ്ങൾ ഒരു നാട് നേരിടുന്ന വെല്ലുവിളിയാണെന്ന് അഭിപ്രായപ്പെട്ട സമിതി, 1995-ൽ നിലവിൽവന്ന ആക്ടിൽ സുദൃഢമായ വ്യവസ്ഥകൾ ഉണ്ടെങ്കിൽപ്പോലും കുറ്റവാളികൾ നിയമത്തിന്റെ പഴുതുകളുപയോഗിച്ച് രക്ഷപ്പെടുന്നതായും ആക്ടിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ച് പഴുതുകൾ അടച്ച് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് അവസരമുണ്ടാകണമെന്ന് നിർദ്ദേശിച്ചു. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്ന അവസ്ഥയുണ്ടാകുമ്പോൾ സ്വാഭാവികമായും കുറ്റകൃത്യങ്ങളുടെ എണ്ണം കുറയുന്നതാണെന്നും ഇതിനായി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സ്കൂളുകൾ കേന്ദ്രീകരിച്ച് സെക്സ് റാക്കറ്റുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കലാലയജ്യോതി പദ്ധതി 140 മണ്ഡലങ്ങളിലേയും സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രാവർത്തികമാക്കേണ്ടതാണെന്നും സ്ത്രീകൾക്ക് ആത്മധൈര്യം പകരുന്ന തരത്തിലായിരിക്കണം കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്നും ഇതിനായി ജനപ്രതിനിധികളുടെ സേവനം കൂടി ഉപയോഗപ്പെടുത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

സ്ത്രീകൾ കൂടി ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവയുമായി ബന്ധപ്പെട്ട് പെൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ കമ്മീഷൻ നേരിട്ട് സന്ദർശിക്കുകയും കുട്ടികൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

ദൃശ്യ-ശ്രവ്യ-പത്ര മാദ്ധ്യമങ്ങളിൽക്കൂടി വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മാദ്ധ്യമ പ്രതിനിധികളുമായി യോഗം ചേരണമെന്നും കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും അതിൽ പങ്കെടുത്ത് ഏതെല്ലാം മേഖലകളിലാണ് മാദ്ധ്യമങ്ങൾ കമ്മീഷന് സഹായകരമായ രീതിയിൽ പ്രവർത്തിക്കേണ്ടതെന്നുള്ള ധാരണ ഉണ്ടാക്കേണ്ടതാണെന്ന് സമതി നിർദ്ദേശിച്ചു.

കലാലയജ്യോതി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചാൽ കൗമാരക്കാരായ പെൺകുട്ടികളെ ബോധവൽക്കരിക്കുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പരിധിവരെ തടയുന്നതിന് സാധിക്കുന്നതാണെന്ന് അഭിപ്രായപ്പെട്ട സമിതി കലാലയജ്യോതി പദ്ധതി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കണമെന്നും വർഷത്തിൽ ഒരിക്കലെങ്കിലും അവിടെയുള്ള ഓരോ വിദ്യാർത്ഥിനിയുമായും നേരിട്ട് സംസാരിക്കുന്നതിന് കമ്മീഷൻ അവസരമുണ്ടാക്കണമെന്നും ഇതിനായി ഓരോ ജില്ലകളിലും കൗൺസിലർമാരേയും റീസോഴ്സ് പേഴ്സണേയും നിയമിക്കണമെന്നും അദ്ധ്യാപകരുടെ സഹായത്തോടുകൂടി കുട്ടികളുമായി സംസാരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. കൂടാതെ സ്കൂളുകളിൽ നിന്നും കൗൺസിലിർമാർക്ക് ലഭിക്കുന്ന അനുഭവങ്ങൾ വനിതാ കമ്മീഷന്റെ പ്രസിദ്ധീകരണത്തിൽ (സ്ത്രീശക്തി) പ്രസിദ്ധപ്പെടുത്തുന്നതിന് അവസരമൊരുക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടു.

എം.എൽ.എ.-മാരെയും പഞ്ചായത്ത് മെമ്പർമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെയും നിർബന്ധമായും പങ്കെടുപ്പിച്ചുകൊണ്ട് രണ്ടോ മൂന്നോ മാസത്തിലൊരിക്കൽ മണ്ഡലാടിസ്ഥാനത്തിൽ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണെന്ന് സമിതി വനിതാ കമ്മീഷനോടാവശ്യപ്പെട്ടു.

സ്ത്രീശാക്തീകരണം മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയായ വനിതാ കമ്മീഷന് അടിസ്ഥാന സൗകര്യങ്ങളായ വാഹനം, ടെലിഫോൺ, സ്റ്റാഫിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിച്ചു.

വനിതാ കമ്മീഷന് കൂടുതൽ അധികാരങ്ങൾ നൽകി കമ്മീഷന്റെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും നിലവിലുള്ള നിയമം ശക്തിപ്പെടുത്തുന്നതിനുമായി വനിതാ കമ്മീഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ചർച്ച നടത്തുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും സമിതി തീരുമാനിച്ചു.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനും വനിതാ കമ്മീഷൻ അംഗങ്ങൾ ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായ 'നിർഭയ' പദ്ധതി പ്രകാരം സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച പരാതിയിന്മേൽ വളരെവേഗം തീർപ്പ് ഉണ്ടാക്കുന്ന തിനായി 'സ്പീഡ് കോർട്ടുകൾ' സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുവെന്നും നിർഭയ പദ്ധതിവഴി സ്ത്രീകൾക്കായുള്ള നിരവധി ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു വെങ്കിലും ജാഗ്രതാ സമിതികളുടെ കാര്യങ്ങൾ നിരീക്ഷിക്കേണ്ടത് വനിതാ കമ്മീഷൻ തന്നെയാണെന്ന് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി കൂടിയായ സമിതി ചെയർമാൻ അറിയിച്ചു.

നിർഭയ പദ്ധതി പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള മറ്റ് ഏജൻസികളുടെ അധികാരങ്ങളിൽ കൈകടത്തുന്നു എന്ന പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ നിർഭയ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു മാപ്പിംഗ് തയ്യാറാക്കി അടുത്ത യോഗത്തിൽ ചർച്ചയ്ക്കായി സമിതി മുമ്പാകെ സമർപ്പിക്കേണ്ട താണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പഞ്ചായത്ത് വകുപ്പ് മുൻകൈ എടുത്ത് എല്ലാ പഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടതും ഇത്തരം സമിതികളുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ വ്യക്തമാക്കി അതനുസരിച്ച് പ്രവർത്തിക്കുന്നതിന് സമിതികൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലത്തിൽ വരുന്ന പഞ്ചായത്തു കളിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് മുൻകൈ എടുക്കണമെന്നും സമിതി കളുടെ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്താൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി വനിതാ കമ്മീഷനിൽ എത്തുന്ന പാരാതികളുടെ ബാഹുല്യം കുറയ്ക്കുന്ന തിനും സാധിക്കുന്നതുമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കമ്മീഷനിൽ എത്തുന്ന പരാതികളിൽ ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച കേസുകളിൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം കമ്മീഷനിൽ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്ത്രീസമൂഹത്തെ അപമാനിക്കുന്ന തരത്തിൽ മാദ്ധ്യമങ്ങളിൽ വരുന്ന വാർത്തകൾ സംബന്ധിച്ച് മാദ്ധ്യമ പ്രതിനിധികളുമായി ചർച്ച നടത്തേണ്ടതും

വാർത്തകളിൽ വസ്തുനിഷ്ഠമായ കാര്യങ്ങൾ മാത്രം ഉൾക്കൊള്ളിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിന് വനിതാ കമ്മീഷൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു.

തിരുവനന്തപുരം ജില്ലയിൽ ശാസ്തമംഗലത്ത് വനിതാ കമ്മീഷനായി അനുവദിച്ചിരുന്ന 25 സെന്റ് സ്ഥലം സംബന്ധിച്ച വിവരം അന്വേഷിക്കുന്നതിന് സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചറിയുന്നതിനുള്ള പ്രഥമ യോഗമാണിതെന്നും, കമ്മീഷന് കൂടുതൽ സ്റ്റാഫും ഫണ്ടും അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണെന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വരുംയോഗങ്ങളിൽ കൂടുതൽ ചർച്ച ചെയ്യാവുന്നതാണെന്നും അറിയിച്ചുകൊണ്ട് സമിതി ചെയർമാൻ യോഗനടപടികൾ അവസാനിപ്പിച്ചു.

ഉച്ചയ്ക്ക് 12.30-ന് സമിതി യോഗം പിരിഞ്ഞു.

അനുബന്ധം VIII

## 2012 നവംബർ 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2012 നവംബർ മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
4. ശ്രീ. കെ. രാധാകൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.
6. ശ്രീമതി കെ. എസ്. സലീഖ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്.
2. ശ്രീ. ടി. വസന്തകുമാർ, അഡീഷണൽ ലാ സെക്രട്ടറി.
3. ശ്രീ. കെ. ജെയിംസ് ജോസഫ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. ജേക്കബ് ജോബ്, ഡയറക്ടർ, കേരള വനിതാ കമ്മീഷൻ.
5. ശ്രീമതി എൻ. ബി. കോമളവല്ലിയമ്മ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ.
6. അഡ്വ. പി. കെ. നൂർബീനാ റഷീദ്, മെമ്പർ, കേരള വനിതാ കമ്മീഷൻ.
7. ശ്രീമതി കെ. എ. തുളസി, മെമ്പർ, കേരള വനിതാ കമ്മീഷൻ.
8. ഡോ. ലിസി ജോസ്, മെമ്പർ, കേരള വനിതാ കമ്മീഷൻ.
9. ഡോ. ജെ. പ്രമീളാദേവി, മെമ്പർ, കേരള വനിതാ കമ്മീഷൻ.

സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ച കരട്ചട്ടം, എസ്. ആർ. ഒ.-യുടെ സാധൂകരണം, കേരള വനിതാ കമ്മീഷൻ ആക്ടിന്റെ ഭേദഗതി എന്നിവ താഴെപ്പറയും പ്രകാരം പരിഗണനയ്ക്കെടുത്തു:

**I. കരട് ചട്ടത്തിന്റെ പരിഗണന**

1. വികലാംഗ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്ട്, 1995, എസ്.ആർ.ഒ. നമ്പർ 483/2012-ൽ ഭേദഗതി വരുത്തുന്നതിനുള്ള കരട്ചട്ടം (ഫയൽ നമ്പർ 5247/സബ്.സി.ജി.2/12/ലെജി.).

എസ്. ആർ. ഒ. നമ്പർ 483/12-ലെ അദ്ധ്യായം-II-ൽ ചട്ടം 4(1), വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അപേക്ഷാ 'ഫാറം IV' എന്നത് അപേക്ഷാ "ഫാറം VI" എന്നും അവയിലെ 8, 9 ചട്ടങ്ങൾ യഥാക്രമം 7A, 7B എന്ന് പുനഃക്രമീകരിച്ചു കൊണ്ടുമുള്ള കരട്ചട്ടം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**II. എസ്. ആർ. ഒ.-യുടെ സാധൂകരണം**

വികലാംഗ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) ആക്ട്, 1995 (എസ്.ആർ.ഒ. നമ്പർ 483/2012) (ഫയൽ നമ്പർ 4919/സബ്. സി.ജി.2/12/ലെജി.).

1. 1995-ലെ വികലാംഗ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) ആക്ടിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയ ഭേദഗതിക്ക് അനുസൃതമായി "എല്ലാത്തരം വൈകല്യങ്ങൾക്കും മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ടും ഏക വൈകല്യത്തിന് മെഡിക്കൽ അതോറിറ്റിയുടെ/സ്പെഷ്യലൈസ്ഡ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് മതിയാകുമെന്നും ഒന്നിൽക്കൂടുതൽ വൈകല്യമുണ്ടെങ്കിൽ മാത്രമേ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ആവശ്യമുള്ളൂ എന്നും പരാതിയുള്ള പക്ഷം അപ്പലേറ്റ് മെഡിക്കൽ ബോർഡിനെ സമീപിക്കാവുന്നതാണെന്നുമുള്ള" വ്യവസ്ഥകൾ ഉൾപ്പെടുത്തി ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 483/2012 സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. മാനസിക സാമൂഹ്യ പുനരധിവാസ കേന്ദ്രങ്ങളുടെ കേരള രജിസ്ട്രേഷൻ ചട്ടങ്ങൾ, 2012 (എസ്.ആർ.ഒ. നമ്പർ 543/2012) (ഫയൽ നമ്പർ 4918/സബ്.സി.ജി.2/12/ലെജി.)

മാനസികരോഗികൾക്കായുള്ള മാനസിക സാമൂഹ്യ പുനഃരധിവാസ കേന്ദ്രങ്ങളെ സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ സംസ്ഥാനത്ത് നിലവിലില്ലാത്ത സാഹചര്യത്തിൽ മാനസിക രോഗങ്ങൾക്ക് ചികിത്സ കഴിഞ്ഞ് ആശുപത്രി വിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ഫലപ്രദമായ മാനസിക സാമൂഹ്യ പുനരധിവാസം ലക്ഷ്യമിടുന്ന ഈ നിയമത്തിൽ ഓരോ പുനരധിവാസ കേന്ദ്രങ്ങളിലും സൈക്യാട്രിസ്റ്റിന്റെ സേവനം ഉറപ്പാക്കണമെന്നും, അസുഖലക്ഷണങ്ങൾ കാണിക്കുന്നവരെ നിശ്ചിതസമയത്തിനുള്ളിൽ സൈക്യാട്രിസ്റ്റിനെ കാണിച്ചിരിക്കണമെന്നും, ഒരു കേസ് വന്നുകഴിഞ്ഞാൽ നിശ്ചിത മണിക്കൂറുകൾക്കകം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിരിക്കണം തുടങ്ങി മാനസികരോഗികളുടെ പരിരക്ഷയ്ക്കായി നിരവധി വ്യവസ്ഥകൾ നിഷ്കർഷിച്ചിരിക്കുന്നു.

പ്രസ്തുത നിയമത്തിലെ റൂൾ നമ്പർ 27(3)-ൽ '........... the possession of the inmate '<u>at</u>' the time of admission .............'എന്നും റൂൾ 28-ൽ 'The mentally ill person admitted in a Psycho-social rehabilitation centre shall <u>'not'</u> be threatened ...........' എന്നീ മാറ്റങ്ങൾ വരുത്തി ഇറാറ്റം പ്രസിദ്ധപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സമിതി എസ്.ആർ.ഒ. അംഗീകരിച്ചു.

3. കേരള വനിതാ കമ്മീഷൻ ആക്ട്, 1990 (1995-ലെ 17-ാമത് ആക്ട്) ഭേദഗതി സംബന്ധിച്ച് (ഫയൽ നമ്പർ 6069/സബ്.സി.ജി.2/11/ലെജി.)

കേരള വനിതാ കമ്മീഷന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കായി വനിതാ കമ്മീഷൻ ആക്ടിൽ ഭേദഗതി വരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് മുൻയോഗങ്ങളിൽ വിലയിരുത്തുകയുണ്ടായി. ആക്ടിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിന് സമിതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ അംഗങ്ങൾ താഴെപ്പറയുന്ന ഭേദഗതികൾ സമിതി മുൻപാകെ അവതരിപ്പിച്ചു:

കേരള വനിതാ കമ്മീഷൻ ആക്ടിന്റെ ആമുഖത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് 'അന്വേഷണം' നടത്തണമെന്ന് മാത്രമേ പറയുന്നുള്ളൂ. എന്നാൽ അന്വേഷണത്തിന് ശേഷം എന്ത് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞിട്ടില്ലാത്തതിനാൽ ആമുഖത്തിൽത്തന്നെ അന്വേഷണം നടത്തിയതിനുശേഷം സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഐ.എ.എസ്. കേഡറിലുള്ള സെക്രട്ടറിയുടെ കീഴിൽ അഡ്മിനിസ്ട്രേഷൻ വിംഗും, ഐ.പി.എസ്. കേഡറിലുള്ള ഡയറക്ടറുടെ കീഴിൽ ഇൻവെസ്റ്റിഗേഷൻ വിംഗും ലഭിച്ചാൽ മാത്രമേ കമ്മീഷന് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ വെന്ന് കമ്മീഷൻ അംഗം അറിയിച്ചു.

ആക്ടിലെ സെക്ഷൻ 3 പ്രകാരം നിലവിൽ, ഏതെങ്കിലും കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തിൽ ജോലിചെയ്യുന്ന സ്ത്രീക്ക് ആ സ്ഥാപനത്തിൽ വച്ചുണ്ടാകുന്ന അതിക്രമം സംബന്ധിച്ച് കമ്മീഷന് പരാതി ലഭിച്ചാൽ, അന്വേഷണം നടത്തുന്നതിന് കമ്മീഷന് അധികാരമില്ല. ആകയാൽ സ്ത്രീകൾക്കെതിരെ കേരളത്തിൽ എവിടെയും നടക്കുന്ന അതിക്രമങ്ങൾ അന്വേഷിക്കുന്നതിനുള്ള അധികാരം കമ്മീഷന് ലഭിക്കുന്ന തരത്തിൽ ആക്ടിൽ ഭേദഗതി വരുത്തേണ്ടതാണ്.

കമ്മീഷന്റെ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഒന്നാണ് എല്ലാ ജില്ലകളിലും നടത്തിവരുന്ന അദാലത്തുകൾ. എന്നാൽ അദാലത്തുകൾ സംബന്ധിച്ച് ആക്ടിൽ യാതൊരു പ്രൊവിഷനും ഇല്ല. ആകയാൽ അദാലത്തുകൾ നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ആക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

1995-ൽ ആക്ട് നിലവിൽ വരികയും ആക്ടിന്റെ 28-ാം സെക്ഷൻ പ്രകാരം നിയമനിർമ്മാണത്തിന് സർക്കാരിനെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, ലോക്കപ്പുകൾ, സബ്ജയിലുകൾ എന്നിവിട ങ്ങളിൽ പരിശോധന നടത്തുന്നതിനുള്ള റൂളുകൾ ഇനിയും നിർമ്മിച്ചിട്ടില്ല. ആയത് സംബന്ധിച്ച റൂളുകൾ നിർമ്മിക്കുകവഴി കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുന്നതാണ്.

കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിയമത്തിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് കമ്മീഷൻ സിറ്റിംഗ് നടത്തേണ്ടതും ആവശ്യമായ ഭേദഗതികൾ ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ ഗവൺമെന്റിന് നൽകുകയും ഗവൺമെന്റ് നിയമവകുപ്പുമായി കൂടിയാലോചിച്ച് നിയമനിർമ്മാണത്തിനായി കൊണ്ടുവരേണ്ടതുമാണെന്ന് സമിതി നിർദ്ദേശിച്ചു.

വനിതാകമ്മീഷനിലെ ജീവനക്കാർ ഡെപ്യൂട്ടേഷൻവഴി നിയമിതരാകുന്നവരാണെന്നും അവർ വളരെ ചുരുങ്ങിയ സമയംമാത്രമേ കമ്മീഷനിൽ ജോലി ചെയ്യുന്നുള്ളൂ എന്നത് കമ്മീഷന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടു. ആകയാൽ കമ്മീഷന്റെ ജീവനക്കാരെ നേരിട്ടുള്ള നിയമനംവഴി തെരഞ്ഞെടുക്കേണ്ടതാണെന്നുള്ള കമ്മീഷന്റെ ആവശ്യം സമിതി അംഗീകരിക്കുകയും ആയത് സംബന്ധിച്ച് ഗവൺമെന്റ്തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

കമ്മീഷന്റെ ഓഫീസ് വാടകക്കെട്ടിടത്തിൽ നിന്നും സർക്കാർ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച് സ്വരാജ് ഭവനിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്ന് സാമൂഹ്യക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

വനിതാ കമ്മീഷൻ ആക്ടിൽ വരുത്തേണ്ട ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ തയ്യാറാക്കി വകുപ്പിന് സമർപ്പിക്കുവാൻ സമിതി ചെയർമാൻ വനിതാ കമ്മീഷനോട് ആവശ്യപ്പെട്ടു.

രാവിലെ 11 മണിക്ക് സമിതി യോഗം പിരിഞ്ഞു.

അനുബന്ധം IX

## 2013 മാർച്ച് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2013 മാർച്ച് 19-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രിയുമായ കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. കെ. രാധാകൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ദേവേന്ദ്രകുമാർ ദൊദാവത്ത്, സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്.
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
3. ശ്രീ. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, അഡീഷണൽ ലാ സെക്രട്ടറി.
5. ശ്രീ. വി. എസ്. ഗോവിന്ദൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
6. ശ്രീ. എസ്. ഹരികിഷോർ, ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
7. ശ്രീ. എം. എസ്. എബ്രഹാം, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
8. ശ്രീ. കെ. മണി, മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്.
9. ശ്രീ. ബി. ബാലമോഹൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കെ.എസ്.സി., സി.ഡബ്ല്യു., തൈക്കാട്.

സമിതി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റഗുലേഷന്റെ ഭേദഗതി, എസ്. ആർ. ഒ.-യുടെ സാധൂകരണം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി, ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുംപ്രകാരം ശുപാർശ/അംഗീകാരം നൽകുകയും ചെയ്തു:

**എസ്. ആർ. ഒ.-യുടെ സാധൂകരണം**

I. കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) വിശേഷാൽ ചട്ടം, 2012 (എസ്. ആർ. ഒ. നമ്പർ 888/2012). (ഫയൽ നമ്പർ 975/ സബ്.സി.ജി2/2013/ലെജി.)

സമിതി മേൽ ചട്ടം സംബന്ധിച്ച എസ്. ആർ. ഒ. നമ്പർ 888/2012 പരിഗണിക്കുകയും സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ ചട്ടം പുറപ്പെടുവിച്ചത് സംബന്ധിച്ച വിശദീകരണം അംഗീകരിക്കുകയും ഗവൺമെന്റ് നടപടി സാധൂകരിക്കുകയും ചെയ്തു.

**II. കരട് റെഗുലേഷന്റെ പരിഗണന**

1960-ലെ The Orphanages and other Charitable Home (Supervision and Control) Act, അനുസരിച്ചുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റെഗുലേഷന്റെ ഭേദഗതി (ഫയൽ നമ്പർ 121/സബ്.സി.ജി.$_2$/2013/ലെജി).

സംസ്ഥാനത്തിന് പുറത്തുനിന്നുള്ള കുട്ടികളെ സംസ്ഥാനത്തെ അനാഥാലയങ്ങളിൽ പ്രവേശിപ്പിക്കുന്നതിന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നതിനു വേണ്ടി '1960-ലെ The Orphanages and other Charitable Home (Supervision and Control)' Act, അനുസരിച്ചുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റെഗുലേഷനിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് റെഗുലേഷൻ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ കരട് റെഗുലേഷൻ അംഗീകരിക്കുകയും ചെയ്തു:

സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്ന കരട് റെഗുലേഷനിൽ ഷോർട്ട് ടൈറ്റിൽ ആന്റ് കമൻസ്മെന്റ് ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ താഴെ പറയുന്ന ഭാഗം കരട് റെഗുലേഷനിൽ AMENDMENT എന്ന ശീർഷകത്തിന് ശേഷം ഉൾപ്പെടുത്തേണ്ടതാണ്:

1. *Short title and commencement.*—(i) These regulations may be called the Regulation for the working of the Board of Control constituted under the Orphanages and other Charitable Homes (Supervision and Control) Act, 1960 (Amendment) 2012.

   (ii) They shall come into force at once.

2. Amendment എന്ന ശീർഷകത്തിൻ കീഴിൽ വരുന്ന—

(i) In the regulation എന്നു തുടങ്ങുന്ന ആദ്യ ഖണ്ഡികയ്ക്ക് " I " എന്ന് നമ്പർ കൊടുക്കണം.

(ii) രണ്ടാമത്തെ ഖണ്ഡികയുടെ ആദ്യം "(1) in the regulation 9" എന്ന് തുടങ്ങുന്നത് "I (i) in the regulation 9" എന്നും 'after the existing clause' എന്നത് 'after the first sentence' എന്നും മാറ്റം വരുത്തണം.

(iii) മേൽപ്രകാരം മാറ്റം വരുത്തിയ "I (i) in regulation 9" എന്ന് തുടങ്ങുന്ന ഖണ്ഡികയുടെ ക്ലിപ്ത നിബന്ധനയിലെ 'both', 'within', 'and' എന്നീ വാക്കുകൾ ഒഴിവാക്കണം.

(iv) അവസാന ഖണ്ഡികയുടെ ആദ്യം '(2) after regulation 11' എന്നത് '(ii) after regulation 11' എന്നും മാറ്റം വരുത്തണം.

(v) ഫാറം I, II എന്നിവയുടെ നോട്ടിലെ വാർഷിക വരുമാനപരിധി പരാമർശിക്കുന്ന (2) എന്നത് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(2) For this purpose, destitute means a person whose annual family income from all sources is within the limit prescribed by the Government from time to time."

**III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

(എ) പൊതുഭരണ വകുപ്പ്

(1) 2002-03-ലെ രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 596/സബ്.സി.ജി.$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 57.

(2) 2006-07-ലെ ഒന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 599/സബ്.സി.ജി.$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 58.

(3) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11210/സബ്.സി.ജി.$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 157.

(4) 2011-12-ലെ ഒന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 4876/സബ്.സി.ജി.$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 56, 61.

(5) 2012-13-ലെ രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 3084/സബ്.സി.ജി$_2$/2012/ലെജി.)
ഖണ്ഡിക നമ്പർ 63.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

(1) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11210/സബ്.സി.ജി$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 135.

(2) 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11119/സബ്.സി.ജി$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 108, 110.

(സി) സാമൂഹ്യനീതി വകുപ്പ്

(1) 2009-10-ലെ നാലാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11115/സബ്.സി.ജി$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 170, 181, 182, 183, 184, 187, 208.

(2) 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11119/സബ്.സി.ജി$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 117, 120, 121.

(3) 2011-12-ലെ ഒന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 4876/സബ്.സി.ജി$_2$/2011/ലെജി.)
ഖണ്ഡിക നമ്പർ 47, 48, 51, 52, 53, 54, 55.

(4) 2012-13-ലെ രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 3084/സബ്.സി.ജി$_2$/2012/ലെജി.)
ഖണ്ഡിക നമ്പർ 48.

**IV. കേരള സംസ്ഥാന ശിശുക്ഷേമസമിതി**

സമിതി സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ വരുന്ന ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30-3-2012-ലെ വിധിയുടെ അടിസ്ഥാനത്തിൽ ശിശുക്ഷേമ സമിതിയിൽ നിലവിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള അഡ്മിനിസ്ട്രേറ്റീവ് ഭരണമാണുള്ളതെന്നും അഡ്മിനിസ്ട്രേറ്റീവ് ഭരണം വന്നതിനുശേഷം പീഡിയാട്രീഷ്യനെയും ആവശ്യത്തിന് ആയമാരെയും നഴ്സുമാരെയും നിയമിക്കുകയും ചെയ്തതായി ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ശിശുക്ഷേമ സമിതിയിൽ നിന്നുള്ള ദത്തെടുക്കൽ വളരെ സുതാര്യമായി നടന്നുവരുന്നുണ്ടെന്നും സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ നിർദ്ദേശപ്രകാരം നിയമപരമായ വശങ്ങളെല്ലാം പരിശോധിച്ചതിനുശേഷം മാത്രമാണ്

ദത്തെടുക്കൽ നടക്കുന്നതെന്നും ഇതിൻപ്രകാരം മെഡിക്കൽ എക്സാമിനേഷനും, സമിതിയുടെ ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റും ലഭിച്ചതിനു ശേഷമാണ് കുട്ടികളെ കോടതിവഴി രക്ഷിതാക്കൾക്ക് കൈമാറുകയെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

ദത്തെടുക്കൽ സംഗമം കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള അകൽച്ച വർദ്ധിക്കുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി, ദത്തെടുത്ത കുടുംബാംഗങ്ങളുടേയും ദത്തെടുക്കുന്നതിനായി കാത്തിരിക്കുന്നവരുടേയും ഒത്തുചേരലിൽ വളരെ നല്ല അഭിപ്രായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും രക്ഷിതാക്കൾ ഓരോ ഘട്ടത്തിലും കുട്ടികളോട് അവർ ദത്തെടുക്കപ്പെട്ടവരാണെന്ന വിവരം അറിയിക്കാറുണ്ടെന്നും ഇതുമൂലം കുട്ടികളിൽ രക്ഷാകർത്താക്കളോടുള്ള അടുപ്പം കുറയുന്നതായി കാണുന്നില്ലെന്നും മിക്ക കുട്ടികളും പഠിച്ചുമിടുക്കരായി വിദേശരാജ്യങ്ങളിൽപ്പോലും ജോലിചെയ്യുന്നവരുണ്ടെന്നും യഥാകാലങ്ങളിൽ രക്ഷിതാക്കൾ കാര്യം പറയുകയും കുട്ടികൾ അത് സ്വീകരിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

നാലോ അഞ്ചോ വയസുള്ള ഒരു കുട്ടി, തന്റെകൂടെയുള്ളത് യഥാർത്ഥ അച്ഛനും അമ്മയും അല്ലായെന്നറിയുമ്പോൾ അവരോടുള്ള അടുപ്പത്തിന് കുറവുണ്ടാകുന്നു എന്നത് ഒരു പ്രശ്നമാണെന്നും പലരുമായും ഇക്കാര്യം ചർച്ചചെയ്തപ്പോൾ ബോധ്യമായിട്ടുണ്ടെന്നും സമിതി അംഗം അഭിപ്രായപ്പെടുകയുണ്ടായി. എങ്കിൽ ഇതുസംബന്ധിച്ച് പരിശോധിക്കേണ്ടതാണെന്നും സമിതിക്കുവേണ്ടി ചെയർമാൻ നിർദ്ദേശം നൽകി.

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക, വ്യക്തിത്വ വികാസത്തിന് ഊന്നൽ നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെ സംസ്ഥാനതലത്തിൽ സഹവാസക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടെന്നും ശിശുക്ഷേമ സമിതി ശുപാർശ ചെയ്ത മൂന്ന് കുട്ടികൾക്ക് ദേശീയതലത്തിൽ ധീരതയ്ക്കുള്ള അവാർഡും ആറ് കുട്ടികൾക്ക് സംസ്ഥാനതലത്തിൽ ധീരതയ്ക്കുള്ള അവാർഡും ലഭിച്ചിട്ടുണ്ട്.

ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായാണ് നടക്കുന്നതെന്ന് സമിതി വിലയിരുത്തി.

വൈകുന്നേരം 6.30-ന് സമിതിയോഗം പിരിഞ്ഞു.